Registered No. M-4485

Madras War Review { MALAYALAM 11-2-1944

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിൻെറ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വാല്യം III] 1944 ഫിബ്രുവരി 11-ാംനു, വെള്ളിയാഴ്ച [ലക്കം 23

## ഇന്ത്യ പൊടി പൊടിക്കുന്നു

★



ജനറൽ ലിണ്ഡ്സൽ

ഐക്യകക്ഷികൾക്കു് ഇതേവരെ മൂന്നു പ്രധാന സൈന്യസങ്കേതങ്ങളായിരുന്നു: ഒന്നു് ബ്രിട്ടൺ, രണ്ടു് അമേരിക്ക, മൂന്നു് മിഡിൽ ഈസ്റ്റ്. ഇന്ത്യ നാലാമത്തേതായിരിക്കണം. ഇന്ത്യ ഇനിയും ഒരു പ്രധാന സൈന്യസങ്കേതമായിക്കഴിഞ്ഞിട്ടില്ല; പക്ഷെ ആ നിലക്കാണു് അതിൻെറ അതിശീഘ്രമായ വളച്ച. ഇങ്ങിനെ വളന്നു് ഒടുവിൽ ബ്രിട്ടനിൽനിന്നു് ഫ്രാൻസിൻെറ രക്ഷക്കയച്ച സൈന്യത്തേക്കാൾ വലുതായ ഒരു സൈന്യത്തെ ഇന്ത്യ പരിപാലിക്കേണ്ടതായിവരും.

ആദ്യമായി ഇന്ത്യയിൽ ഉണ്ടാക്കേണ്ടതു് ജാസ്തി തുറമുഖങ്ങളാണു്. തുറമുഖങ്ങൾ ജാസ്തിയായുണ്ടായാലെ ഇന്ത്യയിൽ ഉണ്ടാക്കാൻ സാധിക്കാത്ത സാധനങ്ങൾ അന്യ ദിക്കുകളിൽനിന്നു് എത്തിച്ചേരുവാൻ നിവൃത്തിയുള്ളൂ. സാധനങ്ങൾമാത്രമല്ല, വലുതായ ഒരു പടയെടുപ്പിന്നു വേണ്ട സൈന്യങ്ങളും എത്തിച്ചേരണ്ടേ? ഗതാഗതസൌകൎയ്യങ്ങളാണു് രണ്ടാമതു് നന്നാക്കേണ്ടതു്.

ഇന്ത്യ പൊടിപൊടിക്കുന്നുണ്ടു്; പക്ഷെ ഇതിലും അധികം പൊടിപൊടിക്കാൻ ഇന്ത്യക്കു് സാധിക്കും. പട്ടാളാവിശ്യത്തിന്നു് വേണ്ട ഉടുപ്പുകളും മററു് സാധങ്ങളും സുമാറു് 150 കോടി ഉറുപ്പികക്കു് ഒരു കൊല്ലം ഇന്ത്യയിൽ ഉണ്ടാക്കിവരുന്നുണ്ടു്; പക്ഷെ ഇന്ത്യയിൽ ഇപ്പോൾ ഉള്ള സൌകൎയ്യങ്ങളാലോചിച്ചാൽ ഇതിലും അധികം ഉണ്ടാക്കാൻ സാദ്ധ്യമല്ലെന്നു പറയുന്നതു് അസംബന്ധമാണു്.

പണ്ടുകാലങ്ങളിൽ ഇന്ത്യക്കു് പേടിക്കാനുണ്ടായിരുന്നതു് വടക്കുപടിഞ്ഞാറൻ പ്രദേശത്തുനിന്നു് റഷ്യ്യയുടെ ആക്രമണമായിരുന്നു. ഇതിന്നു് ഇപ്പോൾ വ്യത്യാസം വന്നിരിക്കുന്നു. ഈ വ്യത്യാസമനുസരിച്ചു് കിഴക്കൻ ദിക്കുകളിൽനിന്നുള്ള ശത്രുബാധയെ തടുപ്പാനുതകുന്ന നിലക്കു് ഇന്ത്യയുടെ സൈന്യസംഘടനക്കു് മാററം വരുത്തേണ്ടതായിവന്നു. ഇപ്പോൾ ശത്രുബാധ തടുത്താൽ മാത്രം പോരാ, ബാധയൊഴിപ്പിക്കുമാറുള്ള ആക്രമണം ആരംഭിക്കേണമെന്നുള്ള ഘട്ടത്തിൽ എത്തിയിരിക്കുന്നു.

—ലഫ്ടനൻെറ് ജനറൽ വിൽഫ്രീഡ് ലിണ്ഡ്സൽ (ഫിബ്രുവരി 6-ാം തിയ്യതി)

## വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| ഇന്ത്യ പൊടി പൊടിക്കുന്നു .. .. .. | 1 | ഓക്കാട്ടേരി കാലിച്ചന്ത .. .. .. .. | 6 |
| ആർ. ഐ. എൻ. .. .. .. .. | 2 | ഒരു ദക്ഷിണദ്ധ്രുവയാത്ര .. .. .. | 7 |
| പ്രതിവാര ചിന്തകൾ .. .. .. .. | 3, 4 | ബൃഹൽഭാരതം .. .. .. .. | 8 |
| പ്രത്യേക ലേഖനങ്ങൾ : ഇററലി, റഷ്യ } .. .. .. .. | 5 | മദിരാശി പട്ടാളക്കാർ സ്നേഹിക്കാൻ കൊള്ളുന്നവരാണേ .. .. .. .. .. | 9 |
| | | പ്രതീകാരം : ശ്രീമാൻ കരിമ്പുഴ രാമകൃഷ്ണൻ .. | 10-12 |


# ആർ.ഐ.യൻ. (ഇന്ത്യൻ കടൽസൈന്യം) ജോലിക്കാരെ വേണമെന്നു പറയുന്നു

## രണ്ടു തരം ജോലിക്കാർ :

## സിഗ്നൽമെൻ ; ടെലഗ്രാഫിസ്റ്റ്സ്

തെക്കെ ഇന്ത്യയിൽ പലേടങ്ങളിലും സക്കീട്ടു ചെയ്യാനായി എച്ച്. എം. ഐ. സിഗ്നൽസിലെ ഒരു ഉദ്യോഗസ്ഥൻ ഉടനെ പുറപ്പെടുന്നു. ഇന്ത്യൻ കടൽസൈന്യത്തിലെ കമ്യൂണിക്കേഷൻസ് ബ്രാഞ്ചിൽ ചെറുപ്പക്കാരായ ഇന്ത്യക്കാക്കുള്ള തൊഴിൽ സൌകര്യങ്ങളെപ്പററി ഇദ്ദേഹം പോകുന്നേടങ്ങളിലെല്ലാം പൊതുജനങ്ങളേയും, ജോലിക്കപേക്ഷിക്കാനിച്ഛിക്കുന്നവരേയും പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുന്നതായിരിക്കും. അയ്യോ, ഞാൻ അറിഞ്ഞില്ലല്ലോ എന്നു ആരും പറയാതിരിക്കാനുള്ള അറിയിപ്പാണിതെന്നു ഓർമ്മയിലിരിക്കട്ടെ.

കടൽസൈന്യത്തിൻെറ ഈ ബ്രാഞ്ച് യഥാർത്ഥത്തിൽ അതിൻെറ കണ്ണും ചെവിയുമാണെന്നു ഗണിക്കപ്പെടാവുന്നതാണ്. ഇതിലെ ജോലിക്കാരാണ് അന്യോന്യം വർത്തമാന അറിയിപ്പുകാർ. രാജ്യരക്ഷ ചെയ്യുന്നതിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു തൊഴിലിന്നു ഇതിൽ സൌകര്യമുണ്ട്. ജോലി രസകരവും, ശമ്പളത്തോതു തൃപ്തികരവുമാണ്. ഭാവിയിൽ ഇതു ഏററവും ഗുണപ്രദമായ ജോലിയായി പരിണമിക്കുകയും ചെയ്യും. ഇതിൽനിന്നു സിദ്ധിക്കുന്ന യന്ത്രകുശലത യുദ്ധാനന്തരം ജോലിക്കാരന്നു ഉപയോഗപ്രദവുമായിരിക്കും.

സക്കീട്ടു പുറപ്പെടുന്ന ഉദ്യോഗസ്ഥൻ, ലഫ്ടനെൻറ് ആർ. എച്ച്. റുതർഫോർഡിൻെറ പ്രോഗ്രാം താഴെ പറയുംപ്രകാരമാകുന്നു :—


| | | | |
|---|---|---|---|
| ബങ്കളൂർ .. .. | ഫിബ്രുവരി 8 | കോട്ടയം .. | ഫിബ്രുവരി 25, 26, 27 |
| കോയമ്പത്തൂർ .. .. | ,, 10, 11 | കൊല്ലം .. .. | ,, 28, 29 |
| മംഗലാപുരം .. .. | ,, 13, 14 | തിരുനെൽവേലി .. .. | മാർച്ച് 2, 3 |
| കണ്ണൂർ .. .. | ,, 15, 16 | മധുര .. .. | ,, 5 |
| തലശ്ശേരി .. .. | ,, 17, 18 | തഞ്ചാവൂർ .. .. | ,, 7, 8, 9 |
| കോഴിക്കോട്ടു .. .. | ,, 20, 21 | മദിരാശി .. | മാർച്ച് 10-ാം തിയ്യതിക്കുശേഷം കുറച്ചു ദിവസം. |
| എറണാകുളം .. .. | ,, 23, 24 | | |

ഓരോ സ്ഥലത്തും അദ്ദേഹം കച്ചേരി ചെയ്യുന്ന സ്ഥലം റിക്രൂട്ടിങ്ങ് ആഫീസ്സായിരിക്കും. തലശ്ശേരി മാത്രം മുസാവരി ബങ്കളാവിലും, തഞ്ചാവൂരിൽ റെയിൽവെ സ്റ്റേഷനിലുള്ള വിശ്രമസ്ഥലത്തുമായിരിക്കും.

മേല്പറഞ്ഞ ജോലിയിൽ ചേരുവാനിഷ്ടമുള്ളവർക്ക് ഇംഗ്ലീഷിൽ നല്ല പരിജ്ഞാനവും മെട്രിക്കുലേഷൻ വരെ പഠിപ്പും ഉണ്ടായിരിക്കണം. വയസ്സ് 17½ മുതൽ 24 വരെ.

# പ്രതിവാരചിന്തകൾ

പ്രചാരവേലയെ പററി കഴിഞ്ഞ രണ്ടു ലക്കങ്ങളിൽ പറഞ്ഞിട്ടും മതിയായില്ല; കാരണം പറവാനുള്ളതു മുഴുവൻ കഴിഞ്ഞിട്ടില്ല. അതുതന്നെ. ദേശീയ സമരനിരയുടെ പ്രചാരവേല എത്രത്തോളം ഫലപ്രദമാക്കാമെങ്കിൽ അത്രത്തോളം ഫലപ്രദമാകുന്നുണ്ടു്; എന്നാൽ കയ്യിലുള്ള കോപ്പുകൊണ്ടല്ലേ



ഇന്ത്യയിലെ സൈന്യനായകൻ ജനറൽ ക്ലാഡി ആച്ചിൻലക്കു് ഇന്ത്യയുടേയും ബർമ്മയുടേയും അതൃത്തിപ്രദേശത്തുള്ള സൈന്യങ്ങളെ സന്ദർശിച്ചു. ചില ബ്രിട്ടീഷു സൈന്യ ഉദ്യോഗസ്ഥന്മാരോടു സംസാരിച്ചു നില്ക്കുന്നു

പ്രചാരവേലക്കു നിവൃത്തിയുള്ളൂ. വർത്തമാനപത്രങ്ങൾ, ലഘുലേഖനങ്ങൾ മുതലായവകൊണ്ടുള്ള പ്രചാരവേലയിൽ എത്രയോ ശക്തിയായിട്ടുള്ളതാണു് ആകാശവാണി മാർഗ്ഗമായിട്ടുള്ളതു്. ഇതു് മലബാറിൽ ഇന്നു് അന്യപ്രദേശങ്ങളെ അപേക്ഷിച്ചു വളരെ തുച്ഛമായിട്ടേ തുടങ്ങീട്ടുള്ളൂ. പോരാ; ആകാശവാണിമൂലമുള്ള പ്രചാരം കേരളം ഒട്ടാകെ ദിനംപ്രതി മുഴങ്ങിക്കൊണ്ടിരിക്കണം. ഇതിന്നു് ആദ്യമായി മലബാറിൽ ആകാശവാണിയന്ത്രങ്ങൾ പല ദിക്കിലും സ്ഥാപിക്കണം. ഇന്ത്യാഗവർമ്മെണ്ടിന്റെ ചിലവിന്മേൽ മദ്രാസ് സംസ്ഥാനത്തിൽ ഇരുനൂറിൽ അധികം ആകാശവാണിയന്ത്രങ്ങൾ സ്ഥാപിക്കാൻ പോകുന്നുവെന്നു് കേട്ടതിൽ എത്ര എണ്ണം മലബാറിൽ സ്ഥാപിച്ചു? ഈ സംസ്ഥാനത്തിലെ മററു ദിക്കുകളിൽ ആകാശവാണിയുടെ പ്രചാരം നോക്കുമ്പോൾ മേൽപറഞ്ഞ ഇരുനൂറു യന്ത്രങ്ങളിൽ നൂറെണ്ണം തീർച്ചയായും മലബാറിലാണു് സ്ഥാപിക്കേണ്ടതു്. ദേശീയ സമരനിര ഇതേവരെ ഇക്കാര്യത്തിൽ വേണ്ട ശ്രമം ചെയ്തു കഴിഞ്ഞിട്ടില്ലെങ്കിൽ ഉടനെ അതിന്നു വേണ്ടതു ചെയ്യുമെന്നു സഞ്ചിക വിശ്വസിക്കുന്നു. മലബാറിലെ നാനാസ്ഥലങ്ങളിലും ആകാശവാണി യന്ത്രങ്ങൾ സ്ഥാപിച്ചു കഴിഞ്ഞതിന്നുശേഷം ഗൌരവമായ ഒരു പ്രോഗ്രാം മലബാറിനെ സംബന്ധിച്ചു ആകാശവാണിയിൽ തയ്യാറാക്കണം. ഇന്നു് മലബാറിനെ സംബന്ധിച്ചുള്ള പ്രോഗ്രാം ഉള്ളതും ഇല്ലാത്തതും ഒരുപോലെയാണു്. ദിവസേന എട്ടു മിനുട്ടു നേരം ഒരു യുദ്ധവർത്തമാന സംക്ഷേപവും ഞായറാഴ്ച ദിവസം എന്തെങ്കിലും ചില പൊന്നാര നാടകവുമാണു് കാണുന്നതു്. ഇതൊന്നും കാണാൻ കൊള്ളുന്ന കളിയല്ല; പന്തല് മുടക്കാനുള്ള കളിയാണു്. തെലുങ്കിലും തമിഴിലും മററും പ്രതിദിന പ്രോഗ്രാം വളരെ ജാസ്തിയാ

യിട്ടുണ്ടു്. മലബാറിന്നു് മാത്രം നാടകവും പൊറാട്ടുംകളിയും മാത്രം മതിയോ? ഈ സംഗതി ജില്ലാ ദേശീയ സമരനിര അധികൃതന്മാരുടെ അടിയന്തര പ്രശ്നമായി കലാശിക്കുമെന്നു് ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു.

## പ്രൊവിൻഷ്യൽ ബ്രോഡ്കാസ്റ്റിങ്ങ്

പ്രൊവിൻഷ്യൽ ബ്രോഡ്കാസ്റ്റിങ്ങ് ഡിപ്പാർട്ടുമെണ്ടിൻെറ കഴിഞ്ഞ കൊല്ലത്തെ ഭരണ റിപ്പോർട്ടു യുദ്ധ സഞ്ചികയിൽ 1943 നവെമ്പർ 5-ാം തിയ്യതിയിലെ ലക്കത്തിൽ പ്രസിദ്ധം ചെയ്യിട്ടുണ്ടായിരുന്നു. അതു നോക്കിയാൽ അറിയാം ഇരുനൂറു പുതിയ ആകാശവാണി യന്ത്രങ്ങൾ വാങ്ങുവാനുള്ള ചിലവു് ഇന്ത്യാഗവൺമെണ്ടു് വഹിച്ചുകൊള്ളാമെന്നു് അനുവദിച്ചിട്ടുള്ള സന്തോഷ വർത്തമാനം. കരയുന്ന കുട്ടിക്കെ പാലുള്ളുവെന്നു് പണ്ടുപണ്ടെ നടപ്പുള്ള ഒരു ലോകമര്യാദയാണു്. തെലുങ്കു രാജ്യത്തിലും തമിഴു് രാജ്യത്തിലും കരയുവാൻ ധാരാളം കുട്ടികളുണ്ടു്. നമ്മുടെ രാജ്യത്തെ കുട്ടികൾ കരയുന്നതിന്നു മുമ്പു് പാലെല്ലാം മററു രാജ്യങ്ങളിലെ കുട്ടികൾ കുടിച്ചു് തീർത്തിട്ടുണ്ടാവും. അതിനാൽ ആകാശവാണി യന്ത്ര കാര്യത്തിൽ ഈ വിഡ്ഢിത്തം നമുക്കു പററാതിരിക്കാൻ നാം കഴിയുന്നതും ശ്രമിക്കേണ്ടതാണു്. ഇക്കാര്യത്തിൽ ഇന്നു് ഫലപ്രദമായി ശ്രമിക്കുവാൻ ദേശീയ സമര നിരയല്ലാതെ മററാരുമില്ലെന്നും തീർച്ചയാണു്. നാടകവും, പാങ്കളിയും മററും നിർത്തിവെച്ചു് ഗൌരവമായ ഒരു പ്രോഗ്രാം ആകാശവാണിയിൽ മലബാറിനെ സംബന്ധിച്ചു് അടുത്തവസരത്തിൽ പ്രതീക്ഷിക്കട്ടെയൊ?

## ഇതാരുടെയും കുററമല്ല

ഇങ്ങിനെയൊരു സ്ഥിതി മലബാറിനെ സംബന്ധിച്ചു് വന്നതു് ആരുടേയും കുററമല്ല. കാര്യങ്ങൾ അങ്ങിനെ വന്നുചേർന്നുവെന്നേയുള്ളൂ. ബ്രോഡ്കാസ്റ്റിങ്ങ് ഡിപ്പാർട്ടുമെണ്ടുകാരോ ദേശീയ സമരനിരയോ ആരുമല്ല ഇതിന്നുത്തരവാദികൾ. വല്ലവർക്കും ഉത്തരവാദിത്വമുണ്ടെങ്കിൽ ആയതു് പൊതുജനങ്ങളാണു്. പൊതുജനാവശ്യം ഇതിനെ സംബന്ധിച്ചു് അധികൃതന്മാർ കേൾക്കത്തക്കവണ്ണം ഇതിന്നു മുമ്പുതന്നെ രൂപീകരിച്ചിരുന്നുവെങ്കിൽ ഇന്നു് മലബാറിൽ റേഡിയോ നിറഞ്ഞേനെ. ഏതായാലും കഴിഞ്ഞുപോയ കാര്യം പറഞ്ഞിട്ടാവശ്യമില്ല; ഇവിടുന്നങ്ങോട്ടു് ഇതു പോരാ. മലബാറിനെ പുരോഗതിയിൽ കൊണ്ടുവിടുവാനുള്ള മാർഗ്ഗങ്ങളിൽ ഏററവും പ്രധാനമായ ഒരു മാർഗ്ഗമാണിതു്. ആകാശവാണി വിദ്യാഭ്യാസപരമായ ഒരേർപ്പാടാണെന്നുമാത്രമല്ല, പ്രചാരവേലക്കു ഒന്നാന്തരം ഒരു മാർഗ്ഗമാണു്. മലബാറിനെപ്പോലെ പ്രചാരവേലക്കു പററിയ മറെറാരു സ്ഥലം ഇന്ത്യയിൽ എവിടെയെങ്കിലുമുണ്ടെന്നു് തോന്നുന്നില്ല. വിദ്യാഭ്യാസം ധാരാളം ഉള്ള ഒരു സമുദായം. വല്ലതും കാര്യം പറഞ്ഞാൽ മനസ്സിലാക്കാൻ പ്രാപ്തിയുള്ള കുട്ടികളാണു് മലബാറിലുള്ളതു്. ദാരിദ്ര്യംകൊണ്ടും, മററു കഷ്ടപ്പാടുകൾകൊണ്ടും തലതിരിഞ്ഞു് അരാജകബുദ്ധി ഇവരിൽ വേരൂന്നുന്നതിന്നുമുമ്പു് ഇവരെ നല്ല വഴിയിൽ കൊണ്ടുവിടുവാനുള്ള സർവ്വ മാർഗ്ഗങ്ങളും കണ്ടെത്താഞ്ഞാൽ പിന്നെ പറഞ്ഞിട്ടു കാര്യമില്ല. ബംഗാളികൾക്കു് സാധാരണ പറയാനുള്ള ഒരു നേരംപോക്കെന്താണെന്നറിയാമോ? മിഴുക്കുള്ള തലയിൽ എന്തിനാണു് എണ്ണ തേക്കുന്നതു്, എന്നാണു്. മലബാറിലെ യുവജനങ്ങൾ തലയിൽ മിഴുക്കു കുറഞ്ഞവരാണെന്നോർക്കണം; ഈ ഓർമ്മയോടുകൂടിവേണം പ്രചാരവേല ചെയ്വാൻ.



ലെനിൻഗ്രാഡിൻെറ രക്ഷക്കു് പുതിയ റഷ്യൻസൈന്യം വന്നുചേരുന്നു!

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 ഫിബ്രുവരി 11-ാംനു, വെള്ളിയാഴ്ച

## ഇററലി

ഇററലിയിലെ യുദ്ധരംഗം റോമിന്നടുത്തെത്തിത്തുടങ്ങി. റോം നഗരിക്കടുക്കുമ്പോഴേക്കു, തല്ലുകൊള്ളാൻ കാലത്തേക്കു് വല്ല്യപ്പാപ്പ വന്നുചേർന്നുവെന്നു പറയുംപോലെ, ഫീൽഡ് മാർഷൽ റോമലും വന്നുചേർന്നിരിക്കുന്നുവത്രെ. റോമൽ വടക്കൻ ആഫ്രിക്കയിൽനിന്നു് തോറേറാടിയതിന്നുശേഷം ഇപ്പോഴാണു് രംഗപ്രവേശം ചെയ്യുന്നതു്. ഇതേവരെ അണിയറയിലുള്ള ഒരുക്കങ്ങളായി കഴികയായിരുന്നു. റോമൽ വന്നതോടുകൂടി റോം നഗരി ഐക്യകക്ഷികൾ പിടിച്ചേക്കുമെന്നു് കരുതാം. പക്ഷെ ഐക്യകക്ഷിസൈന്യങ്ങളുടെ പുരോഗതി വളരെ ത്വരിതഗതിയായിട്ടല്ല കാണുന്നതു്. ജനറൽ കെസൽറിങ്ങും സൈന്യവും കാസിനൊ നഗരിക്കടുത്തുവെച്ചു അതിശക്തിയായി അഞ്ചാംസൈന്യത്തെ എതിക്കുന്നുണ്ടു്. കാസിനൊ രംഗത്തിൽ കെസൽറിങ്ങിനെ തോല്പിച്ചുകഴിഞ്ഞ അഞ്ചാംസൈന്യം നെട്ടൂണയിൽ ഇറങ്ങീട്ടുള്ള ഐക്യകക്ഷിസൈന്യങ്ങളോടു യോജിച്ചുകഴിഞ്ഞാൽ പിന്നെ റോമിലേക്കുള്ള വഴി സുഗമമായി. ഇങ്ങിനെ യോജിക്കാതിരിക്കാനുള്ള സർവ്വശ്രമങ്ങളും കെസൽറിങ്ങും സൈന്യങ്ങളും നോക്കുകയാണു്. പക്ഷെ, ഐക്യകക്ഷികളുടെ കരസൈന്യങ്ങളോടു സഹകരിച്ചുകൊണ്ടു കടൽസൈന്യവും വിമാനസൈന്യവും അതിഭയങ്കരമായ പരാക്രമം കാട്ടുന്നതിനാൽ റോം നഗരിക്കു് സ്ഥിരമായ രക്ഷ നൽകുവാൻ ജർമ്മൻസൈന്യത്തിന്നു സാധിക്കുമെന്നു തോന്നുന്നില്ല.

---

## റഷ്യ

ബാൾട്ടിക്കു് കടൽ മുതൽ ബ്ലാക്ക്സിവരെയുള്ള ആയിരത്തിലധികം നാഴിക ഇപ്പോൾ റഷ്യൻ സൈന്യത്തിന്റെ ആക്രമണത്തിന്നു് ഒരേ ഒരു രംഗമായി കലാശിച്ചിരിക്കുന്നുവെന്നു പറയാം. സൌകര്യത്തിന്നും, ആക്രമണത്തിന്റെ ഊക്കു് കൂട്ടേണ്ടതിന്നും ഈ രംഗത്തെ പലേ ഖണ്ഡങ്ങളായി, പലേ സൈന്യ നേതൃത്വങ്ങളായി വിഭാഗിച്ചിട്ടുണ്ടെന്നേയുള്ളു. യൂക്രൈനിൽ മാത്രം നാലു ഖണ്ഡങ്ങൾ അല്ലെങ്കിൽ നാലു സൈന്യ നേതൃത്വങ്ങളുണ്ടു. വൈററ് റഷ്യൻ ഖണ്ഡം വേറെയൊരു സൈന്യ നേതൃത്വത്തിലാണു്. ലെനിൻഗ്രാഡ് ഖണ്ഡത്തിൽ ഇതുപോലെത്തന്നെ മൂന്നോ നാലോ സൈന്യ നേതൃത്വങ്ങളുണ്ടു്. ഈവക നേതൃത്വങ്ങളെല്ലാം ഒന്നിച്ചു് കൂട്ടിപ്പിരിച്ചു് ഒരു കയറാക്കി അതിന്റെ തല സ്റ്റാലിന്റെ കൈവശവുമുണ്ടു്. സൈന്യമാണെങ്കിൽ ഒന്നാന്തരം; സൈന്യനേതൃത്വം അതിലും മേലെ! ഇതിന്റെ ഫലം നല്ലവണ്ണം കാണ്മാനുമുണ്ടു്. കൊടുപ്പാനുള്ളവക്കെല്ലാം യാതൊരു വീഴ്ചയും കൂടാതെ, യാതൊരു സിദ്ധാന്തവും കാട്ടാതെ കൊടുത്തുവരുന്നു. ജർമ്മനിയുടെ സൈന്യസങ്കേതങ്ങൾ ഒന്നിനെയെങ്കിലും ബാക്കിവെക്കാതെ റഷ്യൻ സൈന്യം ഉന്മൂലനാശം ചെയ്തുവരുന്നു. നീപ്പർ നദിയുടെ വക്രിച്ച പ്രദേശത്തു തങ്ങിനിന്നിരുന്ന രണ്ടു ലക്ഷത്തോളം ജർമ്മൻ സൈന്യം റൂമേനിയായിലെക്കൊഴിച്ചപോലെയാണിരിക്കുന്നതു്. ലെനിൻഗ്രാഡ് രംഗത്തിൽനിന്നു് ജർമ്മൻ സൈന്യത്തിന്റെ ബാധയൊഴിച്ചുകളം തീരെ മാച്ചു കഴിഞ്ഞിരിക്കുന്നു. പോളണ്ടു്, എസ്തോണിയാ എന്നീ സ്ഥലങ്ങളിൽ റഷ്യൻ സൈന്യം പുഴയിൽ പുറവെള്ളം കയറും പോലെയാണു് കയറുന്നതു്. ലെനിൻഗ്രാഡ് രംഗത്തിൽ ചുഡോവോ നഗരിയും, യൂക്രൈനിൽ നിക്കൊപ്പോൾ നഗരിയുമാണു് കഴിഞ്ഞാഴ്ചയിലെ പ്രധാന റഷ്യൻ വിജയങ്ങൾ. ബാൾട്ടിക്കു് സമുദ്രത്തിൽ കിടന്നിരുന്ന റഷ്യൻ കപ്പൽപടകൾ ലെനിൻഗ്രാഡിന്നു് മോചനം വന്നതോടുകൂടി മോചനം കിട്ടി. അവ ജർമ്മൻ സൈന്യസങ്കേതങ്ങളെ അടിച്ചു തകർത്തുന്നു. എന്നാൽ യുദ്ധത്തിന്റെ തിരക്കാണെന്നു് വെച്ചു റഷ്യയുടെ മററു കാര്യങ്ങൾക്കു വല്ല ഉപേക്ഷയുമുണ്ടോ? യുദ്ധം കൊണ്ടു് റഷ്യയിലെ സമുദായ മനസ്ഥിതി മാറിവന്നേക്കാമെന്നുള്ള പ്രതീക്ഷയെ അടിസ്ഥാനപ്പെടുത്തി മുമ്പെകൂട്ടിത്തന്നെ റഷ്യൻ ഭരണഘടനക്കു പരിഷ്ക്കാരം വരുത്തിയിരിക്കുന്നു. ഈ ഭരണപരിഷ്ക്കാരം ലോകത്തെയൊട്ടാകെ പരിഭ്രമിപ്പിക്കുകയും ചെയ്തിരിക്കുന്നു. എന്തൊരു മനക്കരുത്തുള്ള സമുദായം! പത്തുപറ അരിവെച്ചു് ഒരു സദ്യ കഴിച്ചാൽ വന്നവക്കെല്ലാം വേണ്ടതുപോലെ വിളമ്പി എത്തിക്കാൻ നമുക്കു സാധിക്കുന്നില്ല. റഷ്യ സർവ്വക്കും വേണ്ടപോലെ വിളമ്പുന്നു. ഫിൻലാണ്ടിന്റെ തലസ്ഥാന നഗരിയിൽ കൂടി റഷ്യൻ വിമാനങ്ങൾ ചെന്നു് ഇന്നലെ ബോംബു വർഷം ചെയ്തിരിക്കുന്നുവത്രെ. റുമാനിയക്കു മാത്രം ഒന്നും ആയിക്കഴിഞ്ഞിട്ടില്ല. അതിന്നു് യൂക്രൈൻ രംഗം ശുദ്ധമായാലെ മുഹൂർത്തമാകയുള്ളു.

# ഓക്കാട്ടേരി കാലിച്ചന്ത

## ദേശീയ സമരനിര സമ്മേളനവും പ്രദർശനവും

കുറുമ്പ്രനാട്ടു താലൂക്ക

മലബാറിന്റെ ചരിത്രത്തിൽ ഏററവും പഴമയേറിയ കീഴൂർ കാലിച്ചന്തയെക്കുറിച്ചു കേൾക്കാത്തവർ മലയാളികളുടെ ഇടയിൽ ആരും തന്നെ ഉണ്ടാകുമെന്നു തോന്നുന്നില്ല. എന്നാൽ ജനപ്പെരുപ്പം കൊണ്ടു കിഴൂർ കാലിച്ചന്തയെ അതിശയിക്കുമാറു കുറുമ്പ്രനാട്ടു താലൂക്കിൽ ഏറാമല അംശത്തിൽ അടുത്ത കാലത്തായി രൂപമെടുത്ത മറെറാരു വമ്പിച്ച ചന്തയാണ് ഓക്കാട്ടേരി കാലിച്ചന്ത. ജില്ലയുടെ നാനാഭാഗത്തുനിന്നും ആയിരക്കണക്കിൽ ജനാവലിയെ ആകർഷിക്കുന്ന ഈ സന്ദർഭത്തെ മലബാർ ദേശീയ സമരനിര വിവേകപൂർവ്വം പ്രയോജനകരമാക്കിത്തീർത്തുവെന്നതു പ്രത്യേകം പ്രസ്താവ്യമാണ്.

സമരനിരയുടെ ഡിസ്ട്രിക്ട് ഓർഗനൈസർ റാവു ബഹദൂർ എം. കുഞ്ഞിരാമൻ നായരവർകൾ, ഡിവിഷനൽ ഓർഗനൈസർ ശ്രീ ടി. സി. കരുണാകരൻ, ബി.എ., ബി.എൽ., അവർകൾ എന്നിവരുടെ മേൽനോട്ടത്തിൽ നടത്തിയ ഈ സമ്മേളനത്തെ അനുബന്ധിച്ചുകൊണ്ടു ഇന്നത്തെ യുദ്ധോപകരണങ്ങളുടെ വിവിധങ്ങളായ മാതൃകാപ്രദർശനവും നടത്തിയിരുന്നു.

ഓക്കാട്ടേരി എടത്തിൽ അപ്പു എന്ന കുഞ്ഞികൃഷ്ണൻ വലിയ നമ്പ്യാർ (അംശം അധികാരി), ചാത്തോത്തു കൃഷ്ണനടിയോടി (പഞ്ചായത്തു ബോർഡ് പ്രസിഡണ്ട്), ശ്രീ തയ്യിൽ അമ്പ്രോളി കൃഷ്ണൻ (റീഡിങ്ങ് സർക്കിൾ സിക്രട്ടരി) എന്നീ പൌരപ്രധാനികളടങ്ങിയ ഒരു കമ്മിററിയുടെ വകയായി സമരനിരക്കു വേണ്ടി സൌജന്യമായി പണിത പ്രത്യേക പന്തൽ യുദ്ധചിത്രങ്ങളെക്കൊണ്ടും, തോരണങ്ങൾകൊണ്ടും കമനീയമായി അലങ്കരിക്കപ്പെട്ടിരുന്നു.

1944 ജനവരി 28-ാംനു വൈകുന്നേരം കോഴിക്കോട്ടു റവന്യൂ ഡിവിഷനൽ ഓഫീസർ ശ്രീ എ. അപ്പു സമ്മേളനത്തിന്റെ ഉൽഘാടനകർമ്മം നിർവ്വഹിക്കുകയും യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുകയും ചെയ്തു. അദ്ധ്യക്ഷനെ ഹാരമണിയിച്ചതിന്നുശേഷം പ്രാർത്ഥനാഗാനത്തോടുകൂടി യോഗം ആരംഭിച്ചു. ലേഡി ലക്ചറർ മിസ്സിസ്സ് ശിവപ്രസാദ്, കോഴിക്കോട്ടു താലൂക്കു പ്രൊപ്പഗാണ്ടിസ്റ്റ് എം. ആലിക്കുഞ്ഞി സാഹിബ് എന്നിവർ പ്രസംഗിച്ചു. തുടർന്നുകൊണ്ടു പ്രൊപ്പഗാണ്ടിസ്റ്റ് ബാല്ലഡ് മാസ്റ്റർ ശ്രീ കെ. ആർ. കൃഷ്ണന്റെ കഥാപാരായണം, ജൂനിയർ കുട്ടമത്തിന്റെ "ഹിററ്ലർ വധം" കഥകളിപ്പാട്ടു എന്നിവയോടുകൂടി ഒന്നാം സമ്മേളനം അവസാനിച്ചു.

രണ്ടാംദിവസം: ദേശീയ സമരനിരയുടെ ഡിസ്ട്രിക്ട് ഓർഗനൈസർ റാവു ബഹദൂർ എം. കുഞ്ഞിരാമൻ നായർ അവർകളുടെ അദ്ധ്യക്ഷതയിൽ യോഗം സമാരംഭിച്ചു. ജൂനിയർ ലേഡി ലക്ചറർ മിസ്സ് മറിയം തോമസ്സ് ബി.എ., എൽ.ടി., കുറുമ്പ്രനാട്ടു താലൂക്കു പ്രൊപ്പഗാണ്ടിസ്റ്റ് ശ്രീ സി. കെ. കുഞ്ഞിക്കണ്ണൻ, ഡിസ്ട്രിക്ട് ലക്ചറർ എം. വി. ആലിക്കോയ സാഹിബ് എന്നിവരുടെ പ്രസംഗങ്ങൾക്കുശേഷം പ്രൊപ്പഗാണ്ടിസ്റ്റ് ബാല്ലഡ് മാസ്റ്ററുടെ കഥാപ്രസംഗം, ശ്രീ കെ. ഗോവിന്ദ വാരിയരുടേയും പാർട്ടിയുടെയും "സൂക്ഷിച്ചാൽ ദുഃഖിക്കണ്ട" എന്ന പ്രഹസനം, ജൂനിയർ കുട്ടമത്തിന്റെ "ഹിററ്ലർ വധം" കഥകളി ഗാനം എന്നീ ഇനങ്ങളോടും അദ്ധ്യക്ഷനവർകളുടെ പ്രൌഢമായ ഉപസംഹാര പ്രസംഗത്തോടുംകൂടി രണ്ടാം സമ്മേളനം ശുഭമായി പര്യവസാനിച്ചു.

ഓക്കാട്ടേരി കാലിച്ചന്തയിൽ പ്രദർശനത്തിന്നു കൊണ്ടുവന്ന മേത്തരം കാലികൾക്കു മലബാർ വെറററിനറി സർപ്പാട്ട്മെൻറുവകയായുള്ള സമ്മാനം—വെള്ളികൊണ്ടുള്ള ഏഴ് കപ്പു—വെറററിനറി ടൂറിങ്ങ് അസിസ്റ്റൻറ് സർജ്ജൻ ശ്രീ എ. എം. കേളപ്പന്റെ പ്രത്യേക അപേക്ഷയനുസരിച്ചു ദേശീയ സമരനിര ഡിസ്ട്രിക്ട് ഓർഗനൈസർ റാവുബഹദൂർ എം. കുഞ്ഞിരാമൻ നായരവർകൾ അതാതു കാലികളുടെ ഉടമസ്ഥന്മാർക്കു സമ്മേളനപ്പന്തലിൽ വെച്ചു സമ്മാനിച്ചുവെന്നതു ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്.

മൂന്നാം ദിവസം: കടത്തനാട്ടു രാജാസ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ സി. എച്ച്. കുഞ്ഞപ്പ നമ്പ്യാരവർകളുടെ അദ്ധ്യക്ഷതയിൽ യോഗം ആരംഭിച്ചു. ലേഡി ലക്ചറർ മിസ്സിസ്സ് ശിവപ്രസാദ്, പ്രൊപ്പഗാണ്ടിസ്റ്റ് (കൊയിലാണ്ടി) ശ്രീ കെ. കുങ്കൻ നായർ, ഡിസ്ട്രിക്ട് ലക്ചറർ ശ്രീ എം. അശോകൻ എന്നിവരുടെ പ്രസംഗങ്ങൾ, ശ്രീ കെ. ഗോവിന്ദ വാരിയരുടെ "ചാക്യാർക്കൂത്തു" ശ്രീ കെ. ആർ. കൃഷ്ണന്റെ കഥാപാരായണം, ജൂനിയർ കുട്ടമത്തിന്റെ "ഹിററ്ലർ വധം" കഥകളിപ്പാട്ടു എന്നിവ പൊതുയോഗത്തിന്റെ പ്രധാന ഇനങ്ങളായിരുന്നു.

നാലാം ദിവസം: കുറുമ്പ്രനാട്ടു താലൂക്കു യുദ്ധക്കമ്മിററി വൈസ് പ്രസിഡണ്ട ശ്രീ വി. കെ. രാമൻ മേനോൻ, ബി.എ., ബി.എൽ., യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു. പ്രാർത്ഥനക്കു ശേഷം ഡിവിഷനൽ ഓർഗനൈസർ ശ്രീ ടി. സി. കരുണാകരൻ, ബി.എ., ബി.എൽ. "അച്ചുതണ്ടു ശക്തികളുടെ ക്രൂരത" എന്ന വിഷയത്തെക്കുറിച്ചു ഒരു പ്രസംഗം ചെയ്തു തദനന്തരം ശ്രീ കെ. ഗോവിന്ദ വാരിയരുടെ "പാനേയംകളി"യോടുകൂടി ഇക്കൊല്ലത്തെ ഓക്കാട്ടേരി സമ്മേളനം വിജയകരമായി പര്യവസാനിച്ചു. സമ്മേളനത്തിന്റെ വിജയകരമായ പര്യവസാനത്തിന്നു പ്രത്യേകം പരിശ്രമിച്ചു കമ്മിററിക്കും, സമരനിര പ്രവർത്തകന്മാരോടൊപ്പം പ്രവൃത്തിച്ച മററു മാന്യന്മാർക്കും ഡിസ്ട്രിക്ട് ലക്ചറർ എം. വി. ആലിക്കോയ സാഹിബ് പ്രത്യേകം പ്രത്യേകം നന്ദിപറഞ്ഞു.

പൊതുയോഗങ്ങൾക്കു ശേഷം ദിവസംപ്രതി ഹാളിൽവെച്ചു മായാദീപപ്രദർശനവും ഉണ്ടായിരുന്നു. ജൂനിയർ കുട്ടമത്തിന്റെ കഥകളിപ്പാട്ടു, ശ്രീ കെ. ഗോവിന്ദ വാരിയരുടെ ചാക്യാർക്കൂത്തു, പാനേയം കളി എന്നീ ഇനങ്ങൾ ആയിരക്കണക്കായി ജനങ്ങളെ യോഗസ്ഥലത്തേക്കു ആകർഷിച്ചുകൊണ്ടിരിക്കുക പതിവായിരുന്നു.

യുദ്ധസംബന്ധമായ ലഘുലേഖ, ചിത്രങ്ങൾ, ബാഡ്ജ് മുതലായവ പൊതുജനങ്ങളുടെ ഇടയിൽ വിതരണം ചെയ്യുക, ആധുനിക പടക്കോപ്പുകളെക്കുറിച്ചു ജനങ്ങൾക്കു ശരിയായ വിവരങ്ങൾ നൽകുക എന്നീ ജോലികൾ ഓക്കാട്ടേരി കേമ്പിലേക്കു പ്രത്യേകം നിയുക്തരായ താലൂക്കു പ്രചാരകന്മാർ സുത്യർഹമായ നിലയിൽ നിർവ്വഹിച്ചിരുന്നു.

ദേശീയ സമരനിരയുടെ ജില്ലാധിപൻ റാവു ബഹദൂർ എം. കുഞ്ഞിരാമൻ നായരവർകളുടെയും കോഴിക്കോട്ടു ഡിവിഷനൽ ഓർഗനൈസർ ശ്രീ ടി. സി. കരുണാകരൻ അവർകളുടെയും സാന്നിദ്ധ്യവും, നിയന്ത്രണവും സമ്മേളനത്തിന്ന് ഏററവും വലിയൊരു നേട്ടമായിരുന്നു.

# ബ്രിട്ടീഷ്-ജർമ്മൻ യുദ്ധം

## 232-ാമത്തെ ആഴ്ച

## 1939 സപ്തെമ്പർ 3-ാം തിയ്യതി ആരംഭിച്ച

# ഒരു ദക്ഷിണ ധ്രുവ യാത്ര

## കഥാനായകൻ ഇപ്പോൾ ഇന്ത്യയിലുണ്ട്

ആർ. എ. എഫിലെ വാറണ്ടാപ്പീസ്സർ ഹൂപ്പർ

മനുഷ്യന്ന് ഓജസ്സും തേജസ്സും കൊടുക്കുന്നതായ സൂര്യരശ്മി അല്പമെങ്കിലും തട്ടാതെ, കണ്ണുകൾക്ക് കുളുർമയെ കൊടുക്കുന്ന വൃക്ഷലതാദികൾ വളരാതെ, പക്ഷിമൃഗാദിജീവജാലങ്ങൾക്ക് ജീവിക്കുവാൻ സാധിക്കാതെ, കിടക്കുന്ന ഈ അന്ധകാരമായ പ്രദേശത്തെ സാധാരണക്കാരായ മനുഷ്യർക്ക് മനസ്സുകൊണ്ടൂഹിപ്പാൻപോലും നിവൃത്തിയില്ലാതെയാണിരിക്കുന്നത്. ദക്ഷിണധ്രുവംപോലെത്തന്നെയുള്ള ഒരു പ്രദേശമാണ് ഉത്തരധ്രുവമെങ്കിലും ഈ പ്രദേശത്തെക്കുറിച്ച് മനുഷ്യന്ന കുറെക്കൂടി പരിചയം വന്നിട്ടുണ്ടെന്ന് പറയാം. യുദ്ധകാലത്ത് റഷ്യയിൽനിന്ന് അമേരിക്കക്കുള്ള വിമാനയാത്ര നിരന്തരമായി ഉത്തരധ്രുവത്തിന്റെ ഉപരിഭാഗത്തുക്കൂടി നടക്കുന്നുണ്ട്. എന്നാൽ ദക്ഷിണധ്രുവപ്രദേശത്തക്ക് ഈ വിധത്തിൽ മനുഷ്യന്റെ ആക്രമണം ഇതേവരെ നടത്തുവാൻ സാധിച്ചിട്ടില്ല. എങ്ങിനെ സാധിക്കും? മഹാവിഷ്ണു അനന്തശയനത്തിൽ പള്ളികൊള്ളുന്ന പാലാഴിയും വൈകുണ്ഠവും മററും ഇതിന്റെ അയൽവക്കത്താണെന്നല്ലെ പറയുന്നത്? ഈശ്വരൻ തന്റെ ജോലിയെല്ലാം കഴിഞ്ഞ് അല്പനേരം വിശ്രമം ചെയ്യുന്ന പ്രദേശത്തു പോയി ഉപദ്രവിപ്പാൻ മനുഷ്യന്ന എളുപ്പമായിക്കഴിയുന്നപക്ഷം, അദ്ദേഹം പള്ളികൊള്ളുന്ന പ്രദേശത്തെ മേൽവിലാസം മനുഷ്യന്ന് ശരിയായി മനസ്സിലാകുന്നപക്ഷം, അവിടത്തെ പൊസ്റ്റൽ ഡിപ്പാർട്ടുമെണ്ടിന്ന് നമ്മുടെ ഹരജികൾ സ്വീകരിക്കയല്ലാതെ മററെന്തു പ്രവൃത്തിക്കാണ് ഇടയുണ്ടാവുക? സന്താനഗോപാലത്തിലെ ബ്രാഹ്മണന്റെ കുട്ടികളെ കാട്ടിക്കൊടുപ്പാൻ വേണ്ടി ഒരുതവണ അർജ്ജുനനെ ശ്രീകൃഷ്ണഭഗവാൻ അവിടേക്കു കൊണ്ടുപോയതായി റിക്കാട്ടുണ്ട്. ഇതുതന്നെ അർജ്ജുനനെ അത്യധികം ബുദ്ധി മയക്കിവിട്ടിട്ടായിരുന്നുവത്രെ. വഴിക്കു നല്ലവണ്ണം മദ്യപാനം ചെയ്യിച്ചുവൊ, എന്തോ, ആർക്കറിയാം. മടങ്ങിവരുമ്പോഴേക്കും കണ്ട വർത്തമാനമൊന്നും ഓർമ്മയില്ലാതെയായിരുന്നുവത്രെ! ഏതായാലും അതിന്നു ശേഷമൊന്നും അമ്മപെററ മക്കൾക്കാർക്കും അങ്ങോട്ടു തിരിഞ്ഞുനോക്കാനുശിരുണ്ടായിട്ടില്ല ഈവിധം എത്തിച്ചേരാൻ സാദ്ധ്യമല്ലാതെ കിടക്കുന്ന ഒരു സ്ഥലമാണ് ദക്ഷിണധ്രുവം.

ഭക്തികൊണ്ടേ ഈ സ്ഥലത്തെത്തുകയുള്ളുവെന്നാണ് പൂർവ്വികന്മാർ വിചാരിച്ചിരുന്നത്. അവരുടെ വിചാരത്തിന്നൊരു തെററും പറയുവാൻ നമുക്കു സാദ്ധ്യമല്ല. എന്നാൽ ഇന്നു നമ്മുടെ മനസ്ഥിതിക്ക് അതിയായ മാററം വന്നിരിക്കുന്നു. ഭക്തികൊണ്ട് സൂക്ഷ്മജ്ഞാനം ഉണ്ടാകാൻ ശ്രമിക്കുന്നതിന്നുപകരം ജ്ഞാനംകൊണ്ടുണ്ടാവാനാണ് നമ്മുടെ പരിശ്രമം. ഈ രണ്ടു മാർഗ്ഗങ്ങൾക്കും പ്രാപ്യസ്ഥാനം ഒന്നാണെങ്കിലും മാർഗ്ഗമദ്ധ്യത്തിലുള്ള ചടങ്ങുകൾക്കു വളരെ വ്യത്യാസമുണ്ട്. ഭക്തിമാർഗ്ഗസഞ്ചാരികൾക്ക് ചോദ്യമില്ല, സംശയമില്ല, നിഷ്കളങ്കമായ വിശ്വാസം മാത്രമാണ്. ജ്ഞാനമാർഗ്ഗികളോടു ഈ പിട്ടുപററുകയില്ല; പ്രത്യേകിച്ചും നവീന ശാസ്ത്രപണ്ഡിതന്മാരായ ജ്ഞാനമാർഗ്ഗികളോടു. ഏതു ജ്ഞാനവും അവർക്ക് മാററൊരച്ചുനോക്കണം; അനുഭവത്തിൽ വരുത്തണം; എന്നാലെ അവർ അതിനെ സൂക്ഷ്മജ്ഞാനമായി സ്വീകരിക്കയുള്ളു. ഒന്ന് മനസ്സുകൊണ്ടനുഭവപ്പെടുത്തുന്ന വഴിയാണ്; മറേറതു ബുദ്ധികൊണ്ടും.

വേദാന്തവിഷയം പറകയാണെന്നാരും കരുതേണ്ട. ഇന്നത്തെ ശാസ്ത്ര പണ്ഡിതലോകത്തിൽ ഈ ജ്ഞാനമാർഗ്ഗത്തിന്ന്, പ്രകൃതിയെ സംബന്ധിച്ചുള്ള സൂക്ഷ്മജ്ഞാനം അറിയേണ്ടതിന്ന്, ആയുഷ്കാലം മുഴുവൻ ബലികഴിച്ചിട്ടുള്ള മഹാപുരുഷന്മാർ എത്രയാണെന്നറിയാമൊ? എത്രയൊ അനവധിയാണ്. നിസ്വാർത്ഥമായി തത്വചിന്തചെയ്തും, അതിന്നു വേണ്ടതായ അന്വേഷണങ്ങൾ നടത്തിയും ജീവിക്കുന്ന ഈ തേജസ്വികളെ, ഋഷിവര്യന്മാരെ, ജ്ഞാനികളെ സംബന്ധിച്ചു നാം എത്രയൊ അല്പം മാത്രമെ അറിയുന്നുള്ളു. അവരുടെ തത്വാന്വേഷണഫലങ്ങൾ മനുഷ്യജീവിതത്തിൽ പകർത്തി കാണുമ്പോ മാത്രമെ നമുക്ക് അത്ഭുതം തോന്നുന്നുള്ളു. എന്നാൽ കൂടി അതു് കണ്ടുപിടിക്കാനായി തപംചെയ്തിരുന്നവരാരാണ്? എത്ര കാലം തപം ചെയ്തു? ഇതൊന്നും ആരാഞ്ഞറിവാനുള്ള അന്വേഷണബുദ്ധി നമുക്കില്ല. ഇക്കാര്യത്തിൽ നാം വലുതായ തെററുകാരാണെന്നല്ല ഞാൻ പറയുന്നത്. തത്വചിന്തയും അന്വേഷണബുദ്ധിയും മററും വിശക്കുന്നവർക്ക് സാദ്ധ്യമല്ല. ദാരിദ്ര്യത്തിൽ മനുഷ്യന്റെ മററു ചൈതന്യങ്ങളെല്ലാം വററിപ്പോകുന്നു. അതിനാൽ ദാരിദ്ര്യദുഃഖമില്ലാതെ, ദിനചര്യക്ക് ക്ലേശമില്ലാതെ, ജീവിക്കാൻ സാധിക്കുന്നവർക്കു മാത്രമെ തത്വചിന്തയും അന്വേഷണങ്ങളും മററും ചെയ്യാനുള്ള മനക്കരുത്തുണ്ടാകയുള്ളു. സുഖലോലുപന്മാരായി ജീവിക്കേണ്ടാവിശ്യത്തിന്നല്ല, മനുഷ്യ ചൈതന്യത്തെ പരിപൂർത്തിയായി പ്രകാശിപ്പിക്കേണമെങ്കിൽ അന്യാശ്രയം കൂടാതെയും, ക്ലേശമില്ലാതെയുമുള്ള ദിനചര്യക്ക് നിവൃത്തിയുണ്ടാകണം. പാശ്ചാത്യ രാജ്യങ്ങളിൽ വ്യവസായികമായ തൊഴിലുകൾ കൊണ്ട് ജീവിത ക്ലേശമില്ലാതെയുള്ള സമുദായങ്ങൾ വളർന്നു വന്നിരിക്കുന്നതിനാലാണ് അവരുടെ ഇടയിൽ മേൽ വിവരിച്ചമാതിരി ജ്ഞാനമാർഗ്ഗികളായ ഋഷിവര്യന്മാരെ കാണുന്നത്.

ഇങ്ങനെയുള്ളവരിൽ ഒരു പ്രമാണിയായിരുന്നു ക്യാപ്ററൻ സ്കോട്ട്. ഇദ്ദേഹം 1910 ൽ ദക്ഷിണധ്രുവത്തിലേക്ക് ഒരു യാത്ര പോയപ്പോൾ സംഘത്തിൽപെട്ട ഒരു യുവാവായിരുന്നു വാറണ്ട് ഓഫീസ്സർ ഹൂപ്പർ. അന്നത്തെ യുവാവ് ഇന്ന് ആർ. എ. എഫിൽ ചേന്ന് ഇന്ത്യയിൽ ഒരേടത്ത് ജോലിചെയ്തുകൊണ്ടുവരികയാണ്.


ആയാൾ പട്ടാളത്തിലുള്ള ഒരാളാണ്; എന്താണ് ആ മാർക്കു ജോലി? ആളുകളെ വെടിവെച്ചു കൊല്ലുകതന്നെ. മറെറന്തു ജോലിയാണ് ഒരു പട്ടാളക്കാരന്നുണ്ടാവാനുള്ളത്. വൈമാനികനാണെങ്കിൽ ആളുകളെ വെടിവെച്ചു കൊല്ലുന്നതിന്നു പുറമെ ബോംബിട്ടും കൊല്ലാം. ഇത്തരത്തിൽ പട്ടാളക്കാരെ സംബന്ധിച്ച് ചിലർക്കൊക്കെയുള്ള അഭിപ്രായം ഒന്നു മാററിവെച്ച്, മുഖം ഒന്ന് നല്ലവണ്ണം കഴുകീട്ട് വേണം ഹൂപ്പറെപ്പോലുള്ള ചില തേജസ്വികളെ കാണ്മാനെന്ന് ഞാൻ വായനക്കാരെ ഒന്ന് ഓർമ്മ വെപ്പിക്കട്ടെ. പ്രകൃതിയുടെ യഥാർത്ഥ തത്വങ്ങളെ അന്വേഷിച്ചറിയാനായി ജീവിതം നീക്കിവെച്ചിട്ടുള്ള ത്യാഗികളിൽ ഒരു മഹാത്മാവാണ് ഇദ്ദേഹം. ഇന്ന് ആർ. എ. എഫിൽ ജോലി ചെയ്യുന്നു; ഇതിൽ കൂടിയും പ്രകൃതിതത്വം പലതും അറിവാനുണ്ട്. കഴിഞ്ഞ യുദ്ധത്തിൽ ഈ മാന്യൻ പട്ടാളത്തിലായിരുന്നു. അതിൽ ചേരുന്നതിന്നുമുമ്പ് അദ്ദേഹം ക്യാപ്ററൻ സ്കോട്ടിന്റെ സംഘത്തിൽ പെട്ട് ദക്ഷിണധ്രുവത്തിൽ യാത്ര ചെയ്കയായിരുന്നു. അതിന്നുമുമ്പോ? അതിന്നു മുമ്പും അദ്ദേഹം ഒരു യാത്രക്കാരനായിരുന്നു. എന്തിനധികം? കൊല്ലം 188[illegible]ൽ ജനിച്ചു പതിനൊന്നു വയസ്സായപ്പോഴേക്കും ഹൂപ്പർ യാത്ര തുടങ്ങിയിരിക്കുന്നു. ആദ്യത്തെ യാത്ര തന്നെ ഒരു കപ്പലിൽ ജോലിക്കാരനായിട്ടാണ്. ഈ യാത്ര ന്യൂസീലാണ്ട്, ആസ്ട്രേലിയ, മുതലായ രാജ്യങ്ങളിലേക്കായിരുന്നു. ഈ വിധം ചെറുപ്പം മുതല്ക്കേ യാത്രയിൽ പരിശീലിച്ചു, പ്രകൃതിയിൽ സദാ മുഴുങ്ങി ലയിച്ചുകിടക്കുന്ന ശ്രുതിയും തന്നിലുള്ള ശ്രുതിയും സമ്മേളിച്ചുകൊണ്ടു ചെറുപ്പം മുതല്ക്കു ജീവിച്ചുവന്ന ഈ ജീവിക്കു ദക്ഷിണധ്രുവവും, പോർക്കളവും, വൈമാനിക ജീവിതവും, ഇന്ന് തെക്കെ ഇന്ത്യയിൽ എങ്ങാണ്ടൊ നയിച്ചുവരുന്ന ജീവിതവും, എല്ലാം ഒരേ ഒരു ശ്രുതിയിലായിരിക്കുന്നു! എന്തൊരു ജീവിതം! എന്തൊരു തപം! ഇവർക്കുണ്ടൊ ജീവിതത്തിലൊരു കാംക്ഷ! ഇവർക്കുണ്ടൊ ദുഃഖം!

പട്ടാള ജീവിതം വിട്ടിട്ടെങ്ങിനെ വിമാന സേനയിലേക്കു വന്നതെന്ന് അദ്ദേഹത്തോടു ആരോ ചോദിച്ചു. ചിരിച്ചു. അതു വേറൊരു കഥയാണെന്ന് മാത്രം സമാധാനം പറഞ്ഞു. എന്താണ് വേറെ കഥ? എല്ലാം ഒരു കഥ തന്നെ. ഈവക ഋഷിവര്യന്മാരെക്കുറിച്ചുള്ളതെല്ലാം. സ്വാർത്ഥസമ്പാദനത്തിന്നോ, ഒരു ജോലി ചെയ്താൽ കൊള്ളാമെന്നുള്ള കാംക്ഷകൊണ്ടൊ പട്ടാളത്തിലും വിമാനത്തിലും മററും വന്നുചേരുന്നതല്ല. ഇദ്ദേഹത്തിന്ന് ഒരേ ഒരു ലക്ഷ്യമെയുള്ളു. പ്രകൃതിയുടെ യഥാർത്ഥ തത്വജ്ഞാനം. നാം അതിശ്ലാഘ്യമായിക്കരുതുന്ന സ്ഥാനങ്ങളിലെല്ലാം ഇങ്ങിനെയുള്ളവർ ചെന്നിരുന്നാൽ നാം വിചാരിക്കുന്നപോലെയുള്ള വിചാരമോ, സ്ഥാനമാനങ്ങൾ കൊണ്ടുള്ള സ്വാർത്ഥാനുഭൂതിയോ ഒന്നും അവർക്കില്ല. എപ്പോഴും അവരുടെ ദൃഷ്ടിയെല്ലാം സ്ഥിരമായി കാംക്ഷിക്കുന്ന ലക്ഷ്യത്തിൽ തന്നെ.

# ബൃഹൽഭാരതം

## കാംബോജം

(സർദാർ കെ. എം. പണിക്കർ)



തൃശ്ശൂർ വടക്കുനാഥക്ഷേത്രം പരശുരാമന്റെ കാലം മുതൽക്കുള്ളതാണെന്നാണ് ഐതിഹ്യം. കേരളത്തിലെ ദേവിപൂജയുടെ മാഹാത്മ്യം ഇവിടെ നോക്കിയാലറിയാം. മുഡാനീഢ മൂഡായച എന്ന ചാക്യാർ പറയുംപോലെ, ദേവിയെ ദർശനം ചെയ്യാതെ ദേവനെ ആരും കാണുക പതിവില്ല. ഇങ്ങിനെയായാൽ ശിവാശ്ശിക്കു ബലം കൂടുമത്രെ!

(ജനവരി 21-ാം തിയതിയിലെ ലക്കത്തിൽനിന്നു തുടർച്ച)

ഈ മഹാരാജാവാണ് ആംകോർവാട്ട് എന്ന പേരിൽ അറിയപ്പെട്ടുവരുന്ന മഹാക്ഷേത്രസമൂഹം നിർമ്മിച്ചത്. ലോകോത്തരപ്രസിദ്ധിയുള്ള ഇതിന്റെ ഒരു വിവരണം, ബൃഹൽ ഭാരതത്തിലെ മററു കലാവൈശിഷ്ട്യങ്ങളോടൊന്നിച്ചു വേറെയൊരു ലേഖനത്തിൽ കൊടുക്കാമെന്നു വിചാരിക്കുന്നതുകൊണ്ട് അതിന്ന് ഇവിടെ ഒരുങ്ങുന്നില്ല.

സൂര്യവർമ്മനു ശേഷമുള്ള രാജാക്കന്മാർ ക്രമേണ ബൌദ്ധമതത്തിൽ വിശ്വസിച്ചുതുടങ്ങി. അതോടുകൂടി സംസ്കൃതത്തിനുള്ള പ്രചാരം കുറഞ്ഞുവന്നു. ശിലാലേഖനങ്ങൾ മിക്കവാറും ഖൈമർഭാഷയിൽ ആയി. ഭാരതവർഷത്തിനോടുള്ള ബന്ധം, ബംഗാളുൾക്കടൽ മുസ്സൽമാന്മാർക്ക് അധീനമായതോടുകൂടി ക്രമേണ ക്ഷയിച്ചു ഇപ്പോഴും ഹൈന്ദവസംസ്കാരമാണ് കാംബോജത്തിൽ പ്രചരിക്കുന്നതെങ്കിലും അതിനു ഭാരതഖണ്ഡവുമായി ബന്ധമില്ലാതായിത്തീർന്നു.

ഭാരതസംസ്കാരം പ്രബലമായിരുന്നതും കാംബോജചരിത്രത്തിന്റെ സുവർണ്ണദശയെന്നു നിശ്ശങ്കം പറയാവുന്നതുമായ, ആ സഹസ്രാബ്ദത്തിൽ, കാംബോജം എല്ലാ സംഗതിയിലും ഭാരതത്തെ അനുകരിച്ചിരുന്നു എന്നു പറയേണ്ടതില്ലല്ലോ. പ്രധാനമായി കാംബോജർ ശൈവമതക്കാരായിരുന്നുവെങ്കിലും, വൈഷ്ണവമതവും അവിടെ ധാരാളമായി പ്രചരിച്ചിരുന്നു. ഉത്തര ഇൻഡ്യയിൽ ദുർല്ലഭമായി മാത്രം പ്രചാരമുള്ള ഹരിഹരപൂജയും അവിടെ ഒരു കാലത്തു സാധാരണമായിരുന്നു എന്നു കാണുന്നുണ്ട്. ഹിന്തുക്കളുടെ ഇടയിൽ സമ്പ്രദായവ്യത്യാസം കണക്കാക്കാതെ ദേവീപൂജ സർവ്വസാധാരണമായുള്ളതുകൊണ്ട് ആ സംഗതി എടുത്തുപറയേണ്ടതായിട്ടില്ല.

കാംബോജരുടെ വിദ്യാഭ്യാസരീതിയും ഭാരതത്തിൽ നടപ്പുണ്ടായിരുന്നതിൽനിന്നു ഭിന്നമല്ലായിരുന്നു. കാവ്യനാടകാലങ്കാരങ്ങൾ, തർക്കം, വ്യാകരണം, മീമാംസ, ധർമ്മശാസ്ത്രങ്ങൾ മുതലായവ ബ്രാഹ്മണരും കുലീനരായ മററുള്ളവരും പഠിച്ചുവന്നിരുന്നു എന്നുള്ളതിനു ശിലാശാസനങ്ങളിൽതന്നെ വേണ്ട ലക്ഷ്യങ്ങൾ ഉണ്ട്. ഷഡ്ദർശനങ്ങളിൽ അതിപണ്ഡിതന്മാരായ പലരുടേയും പേരുകൾ ചില ശിലാലേഖനങ്ങളിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. ശിവസോമൻ ഭാരതത്തിൽ വന്നു ശങ്കരഭഗവൽപാദരുടെ അടുത്തു വേദാന്തം പഠിച്ചതായി അദ്ദേഹംതന്നെ ഘോഷിക്കുന്നുണ്ടല്ലോ. രാമായണ ഭാരതകഥകൾ ആംകോർവാട്ടിന്റെ കരിങ്കൽ ഭിത്തികളിൽ കൊത്തിവെച്ചിട്ടുള്ളതും, കൃഷ്ണാർജ്ജുനാദികളുടെ പരാക്രമത്തെപ്പററി ശാസനങ്ങളിൽ പറഞ്ഞിട്ടുള്ളതും, രാമായണത്തിനും മഹാഭാരതത്തിനും ആ നാട്ടകളിൽ ഉണ്ടായിരുന്ന പ്രചാരത്തെ തെളിയിക്കുന്നു. രാമായണ മഹാഭാരതങ്ങളുടെ "അഖണ്ഡപാഠം" പല ക്ഷേത്രങ്ങളിലും നടത്തിവന്നിരുന്നതായും പറഞ്ഞിട്ടുണ്ട്.

ശിലാശാസനങ്ങളിൽ സംസ്കൃത കാവ്യങ്ങളെപ്പററി പല സൂചനങ്ങൾ കാണുന്നുണ്ട്. ആറാം ശതകത്തിൽ കൊത്തിയിട്ടുള്ള ചില ലിഖിതങ്ങളിൽ കാളിദാസകൃതികളുടെ ഛായ കാണുന്നുണ്ടെന്നുള്ളതു പ്രത്യേകം വക്തവ്യമാണ്. ബൃഹൽകഥാകർത്താവായ ഗുണാഢ്യൻ, മയൂരൻ, ബാണൻ, കാമസൂത്രകർത്താവായ വാത്സ്യായനൻ മുതലായ പ്രഖ്യാത കവികളെ കൂടാതെ, ഭീമകൻ, വിശാലാക്ഷൻ മുതലായ ഇപ്പോൾ അപ്രസിദ്ധരായ സംസ്കൃതകവികളെപ്പററിയും പല സൂചനകൾ കാണുന്നുണ്ട്. ആയുർവ്വേദം അവർക്കു സുപരിചിതമായിരുന്നു. കൌടില്യന്റെ അർത്ഥശാസ്ത്രം, ശുക്രനീതി മുതലായ ഗ്രന്ഥങ്ങളിലെ സിദ്ധാന്തങ്ങൾ ശിലാശാസന കർത്താക്കന്മാർക്കു സുപരിചിതമായിരുന്നു.

സംസ്കൃതഭാഷ പഠിക്കുന്നതിൽ കാംബോജർ അസാധാരണമായ ജാഗ്രത കാണിച്ചിരുന്നു എന്നുള്ളതിനു ലക്ഷ്യങ്ങൾ ഉണ്ട്. ശാസ്ത്രാർത്ഥവാദങ്ങൾ, വിദ്വൽസദസ്സുകൾ ഇവയെല്ലാം ഭാരതഭൂമിയിലെന്നപോലെ കാംബോജത്തിലും സംസ്കൃതത്തിൽതന്നെയാണു നടത്തിയിരുന്നതു്. സ്ത്രീകളുടെ യിടയിലും സംസ്കൃതപാണ്ഡിത്യം കുറവല്ലായിരുന്നു എന്നുള്ളതിനു "തിലകാ" എന്നു പേരായ സ്ത്രീരത്നത്തിന്റെ കഥതന്നെ സാക്ഷ്യമാണ്. ഈ വനിതയെപ്പററി ബാൻതത്തെന്ന സ്ഥലത്തുള്ള ശിലാലേഖനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "ചെറുപ്പംമുതൽതന്നെ കാവ്യശാസ്ത്രാദികളിൽ വേണ്ട വിധം ജ്ഞാനം സമ്പാദിച്ച ഈ സ്ത്രീയെ വാഗീശ്വരിയെപ്പോലെ പണ്ഡിതന്മാർ ബഹുമാനിച്ചു. അവർക്കു വാഗീശ്വരി എന്ന ബിരുദം പണ്ഡിതസദസ്സു നൽകി. ശാസ്ത്രാർത്ഥവാദങ്ങളിൽ അവർ എല്ലാവരേയും ജയിച്ചുനിന്നിരുന്നു." അവർ ഒരു മരുമക്കത്തായ കുടുംബത്തിലാണ് ജനിച്ചതെന്നും, "നമിശിവായ" എന്നു പേരായ ഒരു ബ്രാഹ്മണന്റെ പത്നിയായിരുന്നു എന്നും കാണുന്നുണ്ട്.

സംസ്കൃതപാണ്ഡിത്യം ഇത്രമാത്രമുണ്ടായിരുന്ന ഈ രാജ്യത്തിൽനിന്ന് ഒരു സംസ്കൃതകൃതിയും ഇതുവരെ കണ്ടുകിട്ടിയില്ലെന്നുംകൂടി പറയേണ്ടിയിരിക്കുന്നു. പല രാജാക്കന്മാരേയും രാജപുരോഹിതന്മാരേയും കവികൾ എന്നു വർണ്ണിച്ചിട്ടുണ്ട്; ശിലാലേഖനങ്ങളിൽ കാണുന്ന കവിതയുടെ രീതി വിചാരിക്കുമ്പോൾ അതെഴുതിയവർ നല്ല കവികളായിരുന്നു എന്നുള്ളതിനും സംശയമില്ല. എന്നിരുന്നാലും ഇതുവരെ കാംബോജത്തിൽ രചിച്ചതായ ഒരു സംസ്കൃതഗ്രന്ഥം പോലും കണ്ടുകിട്ടിയിട്ടില്ല. ഗവേഷകന്മാരുടെ പരിശ്രമംകൊണ്ടു ചില കൃതികളെങ്കിലും കാലക്രമംകൊണ്ടു പുറത്തു വരുമെന്ന് ആശിക്കാം.

ബൌദ്ധമതത്തിനു പ്രാബല്യം വന്നതോടുകൂടി സംസ്കൃതത്തിനു പ്രചാരം കുറഞ്ഞുവന്നു എന്നു പറഞ്ഞുവല്ലോ. പതിനഞ്ചാം ശതകത്തോടുകൂടി കാംബോജത്തിൽ സംസ്കൃതം ഒരു മൃതഭാഷയായിത്തീർന്നു. അവിടെ ഇപ്പോഴും ബ്രാഹ്മണരും മററുമുണ്ടെങ്കിലും, അവർ രാജാഭിഷേകം മുതലായ കർമ്മങ്ങൾക്കു വേദമന്ത്രങ്ങൾ ഉച്ചരിക്കാറുണ്ടെങ്കിലും, സംസ്കൃതഭാഷ അവർ തീരെ മറന്നുപോയിരിക്കുന്നു. ഭാരതഭൂമിയും കാംബോജവുമായുള്ള ബന്ധവും അതോടുകൂടി അസ്തമിച്ചു എന്നു പറയാം.

# മദിരാശി പട്ടാളക്കാർ സ്നേഹിക്കാൻ കൊള്ളുന്നവരാണെ, കിട്ടോ!

ഏറക്കുറെ ഒരു യുവാവായ ബ്രിട്ടീഷു പട്ടാള ഉദ്യോഗസ്ഥൻ കുറച്ചു ദിവസത്തെ അനുഭവത്തിന്നുശേഷം മദിരാശി പട്ടാളക്കാരെപ്പററി പറഞ്ഞ ഒരഭിപ്രായമാണിതു്. ഈ അനുഭവം ഉദ്യോഗസ്ഥന്നു് പട്ടാളക്കാരെ സംബന്ധിച്ചും, പട്ടാളക്കാക്കു ഉദ്യോഗസ്ഥനെ സംബന്ധിച്ചും അന്യോന്യം ഉള്ളതാണെന്നു് കാണുന്നതിനാൽ മദിരാശി പട്ടാളക്കാക്കു "അഫന്റെ അഫന്റെ" കാലം മുതല്ക്കു തന്നെയുള്ള വിശ്വാസ യോഗ്യതക്കു ഒരു മാച്ചോ തേച്ചിലോ വന്നിട്ടില്ലെന്നല്ലെ ഊഹം. ക്ലൈവിന്റെകാലത്തു ആർക്കാട്ടിൽ വെച്ചുണ്ടായ യുദ്ധത്തിൽ, സായ്പു് ചോറുണ്ടോളു, ഞങ്ങൾ കഞ്ഞിടെ വെള്ളം കുടിച്ചുകൊള്ളാമെന്നു് പറഞ്ഞു് വിജയം വരെ പൊരുതിനിന്ന പട്ടാളത്തിന്റെ പരമ്പരയല്ലെ ഇന്നുള്ള പട്ടാളക്കാർ. പിന്നെ അവർക്കുണ്ടോ വിശ്വാസയോഗ്യതക്കു കുറവു! ജാതിമതവ്യത്യാസങ്ങൾ എന്തോ ഇരിക്കട്ടെ; പട്ടാളത്തിൽ ചേർന്നു കഴിഞ്ഞാൽ അതൊന്നും നമ്മുടെ മദിരാശി കുട്ടികൾ അത്ര നോക്കുകയില്ല. മേലധികാരത്തിനോടു നന്നെ സ്നേഹവും, വിശ്വാസവും ഭക്തിയുമാണു്. ഈ പരമ്പരക്കു ഇത്രയൊന്നുമല്ല ഒരുപക്ഷെ പൂർവ്വീകതയുള്ളു; ഹിന്ദുസ്ഥാനിക്കാരനായ ശ്രീരാമൻ തെക്കെ ഇന്ത്യയിൽ വന്നു് തമിഴൻ ഹനുമനെ വിശ്വസിച്ചു നടത്തിയ സംഗതികളെല്ലാം പുരാണ പ്രസിദ്ധമല്ലെ. എന്തെ, ഒരു ഹിന്ദുസ്ഥാനിക്കാരനെ ഇത്ര വിശ്വസിക്കാത്തതു്?

ആദ്യം ഞങ്ങൾ തമ്മിലുണ്ടായ കൂടിക്കാഴ്ച സമയത്തു, ഇക്കൂട്ടരും ഞാനുമായി എന്തെല്ലാം കുഴപ്പങ്ങളാണു് ഉണ്ടായിത്തീരുവാൻ പോകുന്നതെന്നു് കരുതി വളരെ പരിഭ്രമങ്ങൾ തോന്നിയെങ്കിലും അതെല്ലാം അല്പനേരം കൊണ്ടു കലാശിച്ചു ഞങ്ങൾ വലിയ സ്നേഹിതന്മാരായിയെന്നാണു് ഈ ഉദ്യോഗസ്ഥൻ പറയുന്നതു്. അവർക്കു എന്നെ പററി ഉള്ളിൽ എന്താണു് തോന്നുന്നതെന്നു് എനിക്കു പറവാൻ സാധിക്കയില്ല; പുറമെ വലിയ മൈത്രീഭാവമാണു് കാണുന്നതു്. എനിക്കു അങ്ങോട്ടു അവരെ വലിയ കാര്യമാണു് അവരുടെ പേരുകൾ പഠിക്കുവാൻ എനിക്കു വളരെ കണച്ചിലുണ്ടായി; വാസ്തവത്തിൽ ഇന്നും അവരുടെ ചില പേരുകൾ പറയുവാൻ എന്റെ നാവിന്നു് സ്വാധീനം വന്നിട്ടില്ല, എന്നുമാത്രമെ ഈ ഉദ്യോഗസ്ഥന്നു് ആക്ഷേപമുള്ളു. ഹര, ഹര, സായ്പിന്നു് അവരുടെ പേരു പറയുവാൻ സാധിക്കാഞ്ഞതിൽ ഒരു തെററുമില്ല. ഭൂതചലവേദാചല നടനരംഗ മുതലിയാർ എന്ന പേർ തെററാതെ പറയുവാൻ ഒരു സാഹിത്യമണ്ഡലക്കാർ വിചാരിച്ചാലും സാധിക്കയില്ല.

പട്ടാളമാണു്; നിയമങ്ങളും വകുപ്പുകളുമെല്ലാം വളരെ കഠിനമാണു് എന്നെല്ലാം പുറമെ തോന്നുമെങ്കിലും, ഞങ്ങളുടെ സംഘത്തിലും വളരെ തമാശകളും നേരംപോക്കുകളും ഉണ്ടാകാറുണ്ടെന്നാണു് ഈ പട്ടാള ഉദ്യോഗസ്ഥൻ പറയുന്നതു്. ഒരു പട്ടാളക്കാരന്നു് രണ്ടു ഭാര്യ; ഓരോ ഭാര്യക്കും ഇവന്റെ ശമ്പളം മുഴുവൻ കിട്ടണം. ഇതു് കുറച്ചു ദിവസത്തേക്കു നേരംപോക്കിന്നു് വകയായിരുന്നു. പക്ഷെ കുറച്ചു ദിവസത്തേക്കായ്യു് കമ്പനിയുടെ ഭാഗ്യമാണു്. രണ്ടു ഭാര്യയുള്ള മഹാവിഷ്ണു പ്രാരബ്ധംകൊണ്ടു് പുതലിച്ചുപോയിട്ടല്ലെ സമുദ്രത്തിന്റെ നടുക്കുപോയി കിടന്നുറങ്ങുന്നതു്? ഇത്ര ക്ലേശമില്ലാതെ പട്ടാളക്കാരന്റെ കാര്യം തീർപ്പായിയെന്നാണു് ഇദ്ദേഹം പറയുന്നതു്. എങ്ങിനെ? ശമ്പളം ഒരു ഭാര്യക്കും കുറച്ചു വസ്തുക്കളുള്ളതു മററെ ഭാര്യക്കും എന്ന നിലയിൽ ആയാൾ തീരുമാനം ചെയ്തുവത്രെ. മററൊരു പട്ടാളക്കാരന്നു ഒരു ദിവസം ഒരു കമ്പി: ഭാര്യ ആപൽക്കരമാണു്; വേഗം പുറപ്പെട്ടു വരുവിൻ, എന്നു്. ഭാര്യ ആപൽക്കരമാണെങ്കിൽ ഇവൻ പുറപ്പെട്ടു ചെല്ലാതിരിക്കയല്ലെ നല്ലതു്? പക്ഷെ ഇതെല്ലാം കല്പന കിട്ടി അല്പദിവസം നാട്ടിലേക്കു പോകാനുള്ള ചില മാർഗ്ഗങ്ങൾ മാത്രമായിരുന്നു. ഇപ്പോൾ ഈവക തമാശകളൊന്നും ഇല്ലാതെത്തന്നെ പട്ടാളക്കാർക്കു് ധാരാളം കല്പന കൊടുത്തു് അവരെ നാട്ടിൽ പോയിവരുവാൻ സമ്മതിക്കുന്നുണ്ടു്. കുടുംബങ്ങളെ വിട്ടു പിരിയുന്നതുകൊണ്ടു് അവർക്കുള്ള മനക്ലേശത്തെ ഡിപ്പാർട്ടുമെണ്ടു അറിയുന്നു. അവർക്കു് മനക്ലേശമില്ലാതെയും ഡിപ്പാർട്ടുമെണ്ടിന്നു് ദോഷമില്ലാതെയും ഉള്ള നിലയിൽ കല്പനക്കുള്ള ഏർപ്പാടും ചെയ്തിരിക്കുന്നു.

യുദ്ധാനന്തരം താന്താങ്ങളുടെ നാടുകളിലേക്കു് തിരിച്ചുപോയാൽ കർത്തവ്യമായിട്ടുള്ള സംഗതികളെക്കുറിച്ചു് പ്രായോഗികമല്ലാത്ത അഭിപ്രായങ്ങളൊന്നും നമ്മുടെ മദിരാശി പട്ടാളക്കാർക്കില്ല. ഭാര്യക്കും കുട്ടികൾക്കും തനിക്കും കൂടി സുഖമായി താമസിക്കാനൊരു ഗൃഹം; തന്നെക്കൊണ്ടു് തെണ്ടിക്കാൻ പാകത്തിലുള്ള ഒരു കൃഷിസ്ഥലം. ഇതെല്ലാം തന്റെ അമ്മയും അച്ഛനും താമസിക്കുന്ന ഗൃഹത്തിന്നടുത്താവുകയും വേണം. അവരുടെ പ്രായാധിക്യകാലത്തു് അവരെ നോക്കിരക്ഷിക്കുവാനുള്ള സൌകര്യം തനിക്കുണ്ടാകണം. ഈവിധം ആഡംബരശൂന്യമായ ഒരു ജീവിതമെ നമ്മുടെ പട്ടാളക്കാർ മടങ്ങി സ്വദേശത്തു വന്നാൽ വേണമെന്നായി കാംക്ഷിക്കുന്നുള്ളു. പടിക്കിലെ പാറ പൊന്നാകേണമെന്നോ, തട്ടാൻ വേണമെന്നോ ഒന്നും അവർ ഇച്ഛിക്കുന്നില്ല! മടങ്ങി വരുമ്പോഴേക്കു് അമ്മയും അച്ഛനും പരിഷ്ക്കാരം കുറഞ്ഞവരാകുന്നതുമില്ല! ഭക്ഷണത്തിന്റെ കാര്യത്തിൽ മദിരാശി പട്ടാളക്കാർക്കു് യാതൊരു ചടങ്ങുമില്ലെന്നാണു് സായ്പു് പറയുന്നതു്. കാരണം അവർക്കു് സ്വഗൃഹങ്ങളിൽ കിട്ടിയിരുന്നതിലുമധികം ഭക്ഷണസാധനങ്ങൾ ഇപ്പോൾ പട്ടാളത്തിൽ കിട്ടുന്നുണ്ടു്. അവരുടെ ഭക്ഷണവും തരക്കേടില്ല; പക്ഷെ കൂട്ടാൻമാത്രം കുടലു് കത്തിച്ചുകളയുന്ന ഒരു സാധനമാണത്രെ!



പെൻഷ്യൻപററിയ ഒരു
ഇന്ത്യൻ പട്ടാളക്കാരൻ

---

"യൌവനകാലെ പെരുംപറയും കൊട്ടി
മൂവേഴുവട്ടം വലത്തു വെച്ചീടിനേൻ"

എന്നു് പറഞ്ഞു ഇപ്പോൾ മനസ്സിനെ സമാധാനിപ്പിക്കയാണു് ഇദ്ദേഹം.

# പ്രതീകാരം

(ശ്രീമാൻ കരിമ്പുഴ രാമകൃഷ്ണൻ എം.എ., എൽ.ടി.)

(തുടർച്ച)

## രംഗം IV

[സ്ഥലം: ഹാരവതിയിലെ കൊട്ടാരം. ഗോപുരദ്വാരത്തിൽ വിജയസേനിയുടെ വിഗ്രഹത്തിന്നു മുമ്പാകെ വീരപാലൻ പ്രാർത്ഥിച്ചുകൊണ്ടു നില്ക്കുന്നു. നേരം അർദ്ധരാത്രി. ചാരണൻ കൈയിൽ തലപ്പാവെടുത്തുകൊണ്ടു് പ്രവേശിക്കുന്നു.]

വീരപാലൻ: ആരാണതു്! അവിടെ നില്ക്കു! ഈ അസമയത്തു് എന്താണിവിടെ?

ചാരണൻ: കുമാര! പരിഭ്രമിക്കേണ്ട.

വീരപാലൻ: ഓ! ക്ഷമിക്കണം. ആദ്യം ആളെ മനസ്സിലായില്ല. എന്താണു് ഈ അസമയത്തു് ഇവിടേയ്ക്കു പോന്നതു്.

ചാരണൻ: നമുക്കു് വലിയ അവമാനം നേരിട്ടിരിക്കുന്നു. ഒരു നിമിഷമെങ്കിലും അതു സഹിച്ചിരിപ്പാൻ പാടില്ല. അതാണു് ഇപ്പോൾത്തന്നെ ഇങ്ങോട്ടു പോന്നതു്.

വീരപാലൻ: എന്തു സംഭവിച്ചു!

ചാരണൻ: കുമാര! ഈ ഉഷ്ണീഷത്തെ ഒരാൾ നിലത്തിട്ടു ചവുട്ടിത്തേച്ചു.

വീരപാലൻ: (വാൾപ്പിടിയിൽ കൈവെച്ചുകൊണ്ടു്) മരണത്തെ ക്ഷണിച്ചുവരുത്തിയ ആ മദോന്മത്തൻ ആരാണു്?

ചാരണൻ: മാർവാർ മഹാരാജാവു്.

വീരപാലൻ: മഹാരാജാവോ! ആരുവേണമെങ്കിൽ ആയിക്കൊള്ളട്ടെ. ഹാരവതി വംശത്തിന്റെ ഉഷ്ണീഷം ആരുടേയും പാദപീഠമല്ല. വെൺകൊററക്കുടയുടെ തണലത്തു് അക്രമത്തിന്നും അഴിമതികൾക്കും നിർബ്ബാധം തഴച്ചുവളരാമെന്നു വിചാരിക്കുന്ന ആ അധികാരപ്രമത്തനെ അരിഞ്ഞു തള്ളാതെ ഞാൻ അടങ്ങുകയില്ല. അങ്ങു് ഉടനെത്തന്നെ ചെറിയച്ഛനെ വിവരം അറിയിക്കണം. വരു, നമുക്കു് അകത്തേയ്ക്കു പോകാം.

(ജഗമല്ലൻ പ്രവേശിക്കുന്നു)

ജഗമലൻ: കുട്ടീ! ഇനിയും വിശ്രമിക്കാറിയില്ലെ? ആരാണതു്? ചാരണനോ? എന്തേ ഇപ്പോൾ ഇങ്ങോട്ടു പോന്നതു്. എന്താണു് ഉഷ്ണീഷം അഴിച്ചു കൈയിൽപ്പിടിച്ചിരിക്കുന്നതു്. ശിരസ്സിൽ ധരിക്കാനല്ലെ അതു വാങ്ങിയതു്. അങ്ങേയ്ക്കു് അതിലുണ്ടായിരുന്ന പ്രതിപത്തി ഇത്രവേഗം ഇല്ലാതായിക്കഴിഞ്ഞുവോ!

ചാരണൻ: ഉവ്വു് പ്രഭോ ഉവ്വു്. അവിടുത്തെ ഉഷ്ണീഷം ആരുടെ മുമ്പിലും കുമ്പിട്ടിട്ടില്ലാത്ത അഭിമാനമൂർത്തിയായിരുന്നു. അതാണു് അതിനെ ശിരസാവഹിപ്പാൻ ഞാൻ അന്നു് അത്രയധികം ആഗ്രഹിച്ചതു്.

ജഗ: ഇന്നും ആ നിലയ്ക്കു് മാററം വന്നിട്ടില്ലല്ലൊ.

വീരപാലൻ: മാററം വന്നിരിക്കുന്നു. മദോന്മത്തനായ മാർവാറിലെ രാജാവു് അതിനെ നിലത്തിട്ടു ചവിട്ടിത്തേച്ചുവത്രെ.

ജഗ: (അരിശത്തോടെ കാൽ കൊണ്ടു നിലത്തടിച്ചിട്ടു്)—ചവിട്ടിത്തേച്ചുവോ! ഇതു വാസ്തവമാണോ.

ചാരണൻ: അതെ.

ജഗ: അകാരണമായോ!

വീരപാലൻ: കാരണം 'ഉണ്ടായിരുന്നാലെന്തു്; ഇല്ലെങ്കിലെന്തു്. നമ്മുടെ തലപ്പാവു് ചവിട്ടിത്തേയ്ക്കുവാനുള്ളതാണോ?

ജഗ: കുട്ടി, ഒരു നിമിഷം ക്ഷമിക്കു. ഞാൻ കാൎയ്യം മുഴുവൻ ഗ്രഹിക്കട്ടെ.

ചാരണൻ: പ്രഭോ! ഞാൻ ഇന്നലെ മണ്ഡോരാധിപതിയുടെ സദസ്സിലേയ്ക്കു പോയിരുന്നു. അപ്പോൾ ഈ ഉഷ്ണീഷം തലയിൽനിന്നു മാററീട്ടാണു് ഞാൻ രാജാവിന്റെ മുമ്പിൽ കുമ്പിട്ടതു്. സമുദായാചാരത്തിന്നു വിരോധമായി പ്രവൎത്തിപ്പാനുള്ള കാരണമെന്താണെന്ന ചോദ്യം ഉണ്ടായി. ഹാരവതിയിലെ പ്രഭുവിന്റെ ഉഷ്ണീഷം അന്യന്റെ മുമ്പിൽ കുനിക്കപ്പെടേണ്ടതല്ലെന്നു് ഞാൻ മറുപടി കൊടുത്തു. ഇതു് രാജാവിനെ ക്ഷുഭിതനാക്കി തലപ്പാവു വാങ്ങി അദ്ദേഹം നിലത്തിട്ടു ചവിട്ടി. ഇതിന്നു സമാധാനം പറയേണ്ടിവരുമെന്നു് ഞാൻ വീരവാദം ചെയ്തു. അതിന്നു് ആ ധിക്കാരി ഒരു ഹൂൽക്കാരത്തോടെ ഇങ്ങനെ മറുപടി പറഞ്ഞു: "നിങ്ങളുടെ പ്രഭു നമ്മുടെ രാജ്യത്തിലെ ഏതേതു ദേശങ്ങൾ കടന്നുവരുന്നുവോ അതാതു ദേശങ്ങൾ നാം ബ്രാഹ്മണൎക്കു ദാനം ചെയ്യും."

വീരപാലൻ: അവന്റെ നാവും കാലും അരിഞ്ഞെറിയാൻ കഴിയാത്തപക്ഷം എനിക്കു് വാളെന്തിനാണു്.

പ്രഭു: (ആത്മഗതം) ഈ കവി മങ്ങിക്കത്തുന്ന നമ്മുടെ പ്രതാപാഗ്നിയെ ഊതിയുജ്ജ്വലിപ്പിക്കുകയാണു്; ശിലാഖണ്ഡങ്ങൾ തമ്മിലടിച്ചു് തീപ്പൊരി പൊങ്ങിക്കുകയാണു്. അതു തന്നെയാണല്ലൊ കവിധൎമ്മം. (പ്രകാശം) ആരവിടെ?

(ഒരു ഭടൻ പ്രവേശിക്കുന്നു)

ജഗ: പടഹമടിക്കു്.

(ഭടൻ പോയി പെരുമ്പറ മുഴക്കുന്നു. അല്പനേരത്തിനുള്ളിൽ ആയുധങ്ങളുടെ ഝണഝണൽകാരത്തോടെ അനേകം രജപുത്രർ എത്തിച്ചേരുന്നു.)

ജഗ: സഹോദരന്മാരെ! നമുക്കു് ഇന്നൊരു ദീർഘയാത്ര പോകാനുണ്ടു്.

എല്ലാവരും: അവിടുത്തെക്കൂടെ എവിടേയ്ക്കു വരുവാനും ഞങ്ങൾ ഇതാ ഒരുങ്ങി നില്ക്കുന്നു.

ജഗ: നമുക്കു് ഒരു വലിയ മാനക്കേടു നേരിട്ടിരിക്കുന്നു. മാർവാർ മഹാരാജാവു് ചാരണന്റെ കൈയിൽനിന്നു നമ്മുടെ തലപ്പാവു തട്ടിയെടുത്തു് നിലത്തിട്ടു ചവിട്ടിയിരിക്കുന്നു. അവന്റെ തല വെട്ടി വീഴ്ത്തി കാൽ കൊണ്ടു തട്ടിയുരുട്ടിയാലെ നമ്മുടെ മാനക്കേടു് തീരുകയുള്ളു.

എല്ലാവരും: അതെ. അതെ.

ജഗ: എന്നാൽ പുറപ്പെടുകയല്ലെ.

എല്ലാവരും: അങ്ങനെത്തന്നെ. എന്തിനു താമസിക്കണം?

ജഗ: ഒരു കാൎയ്യം ഓൎമ്മവേണം. നാം തിരിച്ചുവരാനല്ല പോകുന്നതു്. പക വീട്ടീട്ടു് നിങ്ങളെ ഞാൻ വീരസ്വൎഗ്ഗത്തിലേയ്ക്കു് ആനയിക്കും.

എല്ലാവരും: വീരന്മാൎക്കു് അതിനെക്കാൾ അഭികാമ്യമായ പ്രാപ്യസ്ഥാനം ഏതുണ്ടു്?

ജഗ: എന്നാൽ നാം പുറപ്പെടുന്നതിന്നു മുമ്പു് *ജോഹറിന്നുള്ള ഒരുക്കങ്ങൾ ചെയ്യുക. ഉണ്ണീ! പ്രായം തികഞ്ഞ പുരുഷന്മാരെല്ലാം എന്റെ കൂടെ വരികയാണു്. ഞങ്ങൾ തിരിച്ചുവരാത്തപക്ഷം വിവാഹിതകളായ സ്ത്രീകൾ ജോഹറഗ്നിയിൽ പ്രാണനുപേക്ഷിച്ചു് സതീധൎമ്മം പരിപാലിക്കും. പിന്നെ ഇവിടെ അവശേഷിക്കുന്നതു് അശരണരായ ശിശുക്കളും കന്യകകളും ആയിരിക്കും. അവരെ രക്ഷിക്കേണ്ട ഭാരം പരദേവതയെ സാക്ഷിയാക്കിക്കൊണ്ടു് ഞാൻ നിന്നെ ഏല്പിക്കുന്നു.

വീരപാലൻ: അപ്പോൾ എന്നെ കൂടെ കൊണ്ടുപോകുന്നില്ലെ. ഞാൻ പ്രായം തികഞ്ഞ പുരുഷനാണല്ലൊ?

ജഗ: അതെ. എന്നാൽ രാജാവിന്റെ സൎവ്വോൽകൃഷ്ടമായ കൎത്തവ്യം പ്രജാരക്ഷണമാണു്.

വീരപാലൻ: ക്ഷത്രിയന്റേതു് അധൎമ്മധ്വംസനമാണെന്നു് അങ്ങു് മറക്കുന്നു.

ജഗ: ഉണ്ണീ! തൎക്കിച്ചു നില്പാൻ ഇപ്പോൾ ഇടയില്ല. നീയല്ലെങ്കിൽ ഞാൻ, ഒരാൾ ഇവിടെ ഉണ്ടായിരിക്കണം. ഞാൻ പോകാനുറച്ചു കഴിഞ്ഞു. അതിനാൽ നീ അടങ്ങുകതന്നെ വേണം.

വീരപാലൻ: ഈ കാൎയ്യത്തിൽ ഞാൻ അങ്ങയെ അനുസരിക്കുയില്ല. ക്ഷമിക്കണം!

ജഗ: ഇത്രത്തോളമായോ! (ആലോചിച്ചിട്ടു്) ശരി, എന്നാൽ പോന്നുകൊള്ളുക. ആരവിടെ! (ഭൃത്യൻ പ്രവേശിക്കുന്നു). ഉടനെ †വീരപാനത്തിന്നു് ഒരുക്കുക.

(ഭൃത്യൻ പോകാൻ ഭാവിക്കുന്നു. പ്രഭു അവനെ അരികെ വിളിച്ചു് കണ്ണുകളിൽ എന്തോ പറയുന്നു. അനന്തരം അവൻ പോയി വേറേയും ഭൃത്യന്മാരോടുകൂടെ തിരിച്ചുവന്നു് വീഞ്ഞു നിറച്ച പാനപാത്രങ്ങൾ എല്ലാവൎക്കും നല്കുന്നു.)

---

* പോരിൽ മരിച്ചു് വീരസ്വൎഗ്ഗം പ്രാപിക്കുന്ന ഭൎത്താക്കന്മാരോടു ചേരുവാൻ രാജസ്ഥാനത്തിലെ സതീരത്നങ്ങൾ വിവാഹാവസരത്തിലെന്നപോലെ സൎവ്വാലങ്കാരഭൂഷിതകളായി ആളിക്കത്തുന്ന അഗ്നിയിൽ ഇറങ്ങുക പതിവായിരുന്നു. ഈ കൎമ്മത്തിന്നു ജോഹർ എന്നായിരുന്നു പറഞ്ഞുവന്നിരുന്നതു്.

† പോർക്കളത്തിലേയ്ക്കു പോകുന്നതിന്നു മുമ്പുള്ള മധുപാനം.

വീരപാലൻ : (മധുപാനം ചെയ്തിട്ട്) ഹാ എത്ര മധുരമായ മധു! ഓമനേ, വീരശ്രീ! നിന്റെ അധരമധു ഇതിനെക്കാൾ മധുരതരമായിരിക്കും, സംശയമില്ല. എന്താണ് തല ചുററുന്നത്! (തളർച്ചയോടെ തലചായ്ക്കുന്നു. ഒരു നിമിഷത്തിനകം സുഖസുഷുപ്തിയിൽ ലയിക്കുന്നു.)

ജഗ : (പുഞ്ചിരിയോടെ) കുമാരനെ എടുത്തുകൊണ്ടുപോയി സപ്തസാലദുർഗ്ഗത്തിന്റെ ഉള്ളിലത്തെ അറയിൽ ഇട്ടുപൂട്ടുക. അതിന്റെ ഉള്ളിൽ ഒരു ദീപവും കുറേ നാളേക്കുള്ള ആഹാരദ്രവ്യങ്ങളും വെച്ചേക്കുക. കോട്ടയുടെ ഏഴു ഗോപുരദ്വാരങ്ങളും ബന്ധിച്ചുകളയുക. വാതിൽ തുറക്കുന്നത് ഞാൻ വന്നിട്ട്; ഞാൻ തിരിച്ചു വന്നില്ലെങ്കിൽ യുദ്ധം കഴിഞ്ഞിട്ട്.

(ഭൃത്യന്മാർ വീരപാലനെ എടുത്തുകൊണ്ടുപോകുന്നു.)

ജഗ : സ്നേഹിതന്മാരെ! ഇനി നമുക്കു പുറപ്പെടാം. എന്നാൽ ഇങ്ങനെ അങ്ങോട്ടുപോയാൽ പററുകയില്ല. വേഷംമാററണം. ആയുധങ്ങളെല്ലാം ഭാണ്ഡമാക്കികെട്ടുക. കുതിരക്കച്ചവടക്കാരുടെ വേഷത്തിൽ ശത്രുവിന്റെ പുരത്തിൽ എത്തണം. ലായത്തിൽ പോയി അഞ്ഞൂറു കുതിരകളെ വേഗം കോപ്പിട്ടുകൊണ്ടു വരിക.

ഭടന്മാർ : കല്പനപോലെ.

ചാരണൻ : പ്രഭോ! എന്നാൽ ഞാൻ ഇപ്പോൾ യാത്രപറയുന്നു.

ജഗ : ഇനി എപ്പോൾ കാണും!

ചാരണൻ : എന്നെക്കൊണ്ട് ആവശ്യമുള്ളപ്പോൾ.

(പ്രഭുവിനെ വണങ്ങിട്ടു പോകുന്നു.)

(തിരശ്ശീല)

---

## രംഗം V

[സ്ഥലം: മന്ദോരത്തിലെ കോട്ടയുടെ മുന്നിലുള്ള മൈതാനം. പുലരാൻ ഒരു യാമമുണ്ട്. കുതിരക്കച്ചവടക്കാരുടെ വേഷത്തിൽ ജഗമല്ലനും അനുചരന്മാരും നില്ക്കുന്നു.]

ജഗ : സ്നേഹിതന്മാരെ! മാർവാർ മഹാരാജാവിന്റെ കൊട്ടാരമാണ് ഇതാ കാണുന്നത്. ഭാഗ്യവശാൽ നാം ഇവിടെ എത്തിച്ചേർന്നു. ഇനി ഭയമില്ല. പുലരാൻ ഇനിയും കുറേ നേരമുണ്ട്. വേഗം തമ്പടിക്കുക. ആഹാരങ്ങൾ പാകംചെയ്യുക. പുലരുന്നതിന്നുമുമ്പ് വിശപ്പും ക്ഷീണവും തീർത്തു പോരിന്നൊരുങ്ങുക.

ഭടന്മാർ : കല്പനപോലെ.

(തിരശ്ശീല)

---

## രംഗം VI

[സ്ഥലം : സപ്തസാലദുർഗ്ഗം. നേരം പ്രഭാതം. വീരപാലൻ ഉണരുന്നു.]

വീരപാലൻ : (ചുററും കണ്ണോടിച്ചുകൊണ്ട്) ഞാൻ എവിടെയാണ്! ശത്രുവിന്റെ കല്ലറയിലൊ! (ഓർമ്മിക്കുന്നതായി നടിച്ചിട്ട്) ഇന്നലെ രാത്രി മധുപാനം ചെയ്തതും തലചുററിയതും ഞാനോർക്കുന്നു. പിന്നെയൊന്നും ഓർമ്മയില്ല. മനസ്സിലായി. ചെറിയച്ഛൻ എന്നെ ചതിച്ചു. പുത്രന്റെ അഭിമാനത്തേക്കാൾ പ്രജകളുടെ ക്ഷേമം അങ്ങേക്കു പ്രിയതരമായിരിക്കുന്നു; അല്ലെ? ഇരിക്കട്ടെ, എന്നാൽ ഞാൻ അടങ്ങിക്കിടക്കുമെന്ന് അങ്ങു വിചാരിക്കേണ്ട. (ചാടിയെഴുന്നേററിട്ട് ലോഹകവാടത്തിൽ ചവുട്ടുന്നു. ‘ചലും ചലും’ എന്ന ശബ്ദം മാറെറാലിക്കൊള്ളുന്നു. വീണ്ടും, വീണ്ടും ചവിട്ടുന്നു).

വീരപാലൻ : കവാടമേ! നീ തുറക്കുകയില്ല, അല്ലെ. (കൽച്ചുമരിൽ ആയുധത്തഴമ്പെഴുന്ന കൈകൾകൊണ്ടു ആഞ്ഞടിക്കുന്നു.) എടൊ! ആരുമില്ലെ അവിടെ! എന്താണ് വിളി കേൾക്കാത്തത്! വാതിൽ തുറക്ക്! വാതിൽ തുറക്ക്! തുറക്ക് വാതിൽ! (മാറെറാലിമാത്രം മറുപടി).

വീരപാലൻ: (നിരാശയോടെ തല്പത്തിൽ ഇരുന്നിട്ട്) പരദേവതെ! വിജയസേനി! ഇതിന്നാണൊ ഞാൻ ഇത്രനാളും അവിടുത്തെ സേവിച്ചത്! ദേവി! പരിഘസമാനങ്ങളായ ഈ പാണികൾ അവിടുന്ന് എനിക്കരുളിയത് ഇതിന്നാണൊ! അമ്മേ! ഞാൻ അവിടുത്തെ ഭക്തനാണെങ്കിൽ ഈ വാതിൽ ഇപ്പോൾ പൊട്ടിത്തുറക്കട്ടെ! (ഓടിച്ചെന്ന് വാതിലിന്മേൽ ചവിട്ടുന്നു. വാതിൽ പൊളിഞ്ഞുവീഴുന്നു. ഇങ്ങിനെ ഏഴു കവാടങ്ങളും ഭേദിച്ച് വീരപാലൻ പുറത്തുവരുന്നു.)

കാവൽക്കാർ : അയ്യയ്യൊ! ചെറിയ തമ്പുരാൻ പുറത്തു ചാടിയല്ലൊ. (ഓടാൻ ഭാവിക്കുന്നു.)

വീരപാലൻ : അവിടെ നില്ക്കിൻ! എവിടേക്കാണ് ഓടുന്നത്! എന്റെ കുതിരയെ വേഗം കോപ്പിട്ടു കൊണ്ടുവരിൻ! അല്ലെങ്കിൽ തലവീശിക്കളയും.

(കാവൽക്കാർ പോയി കുതിരയെ കോപ്പിട്ടുകൊണ്ടുവരുന്നു. വീരപാലൻ കുതിരയെ സ്നേഹപൂർവ്വം തലോടിക്കൊണ്ട് പുറത്തു ചാടിക്കയറുന്നു.)

വീരപാലൻ : ഓമനെ! ഇന്നാണ് നിന്റെ വേഗം കാണേണ്ടത്. (കുതിര മിന്നൽവേഗത്തോടെ പായുന്നു. വീരപാലൻ ഗോപുരദ്വാരത്തിലുള്ള വിജയസേനിയുടെ വിഗ്രഹത്തെ കടന്നുപോകുമ്പോൾ തല കുനിച്ച് “അമ്മേ! ഞാൻ എത്താൻ വൈകരുതെ!” എന്ന് പ്രാർത്ഥിക്കുന്നു.)

(തിരശ്ശീല)

---

## രംഗം VII

[സ്ഥലം: മന്ദോരത്തിലെ രാജധാനിയുടെ ഗോപുരദ്വാരം ജഗമല്ലനും അനുചരന്മാരും അണിനിരന്നുനില്ക്കുന്നു.]

ജഗമല്ലൻ : പെരുമ്പറ മുഴക്കുക. ശത്രുവിനെ ഉണർത്തുക. (പടഹനിനാദം.)

മാർവാറിലെ മഹാരാജാവ് മട്ടുപ്പാവിൽ വന്നുനില്ക്കുന്നു.

മഹാരാജാവു : ആരാണ് നമ്മുടെ ഗോപുരദ്വാരത്തിൽ വന്ന് പടഹമടിക്കുന്നവൻ? സിംഹത്തിന്റെ വായിൽ കയ്യിടുവാൻ വന്നവനാരാണ്?

ജഗമല്ലൻ: സിംഹത്തിന്റെ വീരപ്പല്ലു പറിച്ച് അരയ്ക്കു വള്ളി കെട്ടി നായിനെപ്പോലെ അതിനെ പിന്നാലെ കൊണ്ടുനടക്കുവാൻ പോരുമയുള്ളവൻ. എന്തിന്നു വെറുതെ വായാടുന്നു. ഞാൻ ആ തലപ്പാവിന്റെ ഉടമസ്ഥനാണ്. അങ്ങു ചെയ്ത അക്രമത്തിന്നു പകരം ചോദിക്കുവാൻ വന്നിരിക്കയാണ്.

(രാജമാതാവ് വരുന്നു.)

രാജമാതാവ് : മകനേ! നീ പ്രതിജ്ഞയോർക്കുന്നുണ്ടൊ?

മഹാരാജാവ് : രജപുത്രൻ പ്രതിജ്ഞ മറക്കുകയൊ.

മാതാവ് : ഇവർ കടന്നുപോന്ന ദേശങ്ങളെല്ലാം ബ്രാഹ്മണന്ന് ദാനം ചെയ്യേണമെല്ലൊ.

മഹാരാജാവ് : വേണം. അതിനെന്താണ് സംശയം?

രാജമാതാവ് : അങ്ങനെയാണെങ്കിൽ നിനക്കു വാഴാൻ രാജ്യമെവിടെ?

മഹാരാജാവ് : അമ്മേ! ഈ വലംകയ്യും വാളുമുള്ളപ്പോൾ രാജ്യം വെട്ടിപ്പിടിക്കാനാണൊ പ്രയാസം. ക്ഷമിക്കൂ. പകരം ചോദിക്കുവാൻ വന്നിരിക്കുന്ന ഇവരോട് ഞാൻ ആദ്യം സമാധാനം പറയട്ടെ. (ജഗമല്ലനോട്) ഹേ! യോദ്ധാവെ! നാം നിങ്ങളുടെ ഉഷ്ണീഷത്തെ അവമാനിച്ചുവെങ്കിലും നിങ്ങളുടെ ധീരതയെ മാനിക്കുന്നു. ഇത്ര കുറച്ച് അനുചരന്മാരോടുകൂടി സമഗ്രബലനായ നമ്മുടെ കോട്ടയെ ആക്രമിക്കുവാൻ നിങ്ങൾ ധൈര്യപ്പെട്ടുവല്ലൊ. വീരരായ നിങ്ങളോടു ഞാൻ വീരോചിതമല്ലാത്തവണ്ണം പൊരുതാൻ ഭാവമില്ല. നിങ്ങളുടെ കൂടെ എത്ര പേരുണ്ടൊ, അത്ര പേരോടുകൂടെ ഞാൻ നിങ്ങളെ സ്വാഗതം ചെയ്വാൻ വരാം. നമുക്ക് ഇണപിരിഞ്ഞുനിന്ന് ദ്വന്ദ്വയുദ്ധം ചെയ്യാം. എന്തുപറയുന്നു?

ജഗമല്ലൻ : അങ്ങ് സാഹസികനും ധിക്കാരിയുമാണെങ്കിലും വീരക്ഷത്രിയൻ തന്നെ.

രാജാവ് : നിങ്ങൾ എത്ര പേരുണ്ട്.

ജഗമല്ലൻ : ഞാനും എന്റെ അഞ്ഞൂറും.

രാജാവ് : എന്നാൽ ഞാനും അഞ്ഞൂറു പേരോടുകൂടെ ഇതാ വന്നേക്കാം.

(മഹാരാജാവ് ആയുധപാണികളായ അഞ്ഞൂറു ഭടന്മാരോടുകൂടി മൈതാനത്തിൽ എഴുന്നള്ളുന്നു.)

മഹാരാജാവ് : ആദ്യം നമ്മൾ തമ്മിലുള്ള ദ്വന്ദ്വയുദ്ധം നടക്കട്ടെ; അല്ലെ. ഇവരെല്ലാം അതു നോക്കിക്കാണട്ടെ.

ജഗമല്ലൻ : അങ്ങനെത്തന്നെ.


(രണ്ടു പേരും അരയും തലയും മുറുക്കി പോരിന്നൊരുങ്ങുന്നു. വായുവേഗത്തോടെ വരുന്ന അശ്വത്തിന്മേൽ വീരപാലൻ അവിടെ എത്തുന്നു. എല്ലാവരും പകച്ചു നില്ക്കുന്നു.)

വീരപാലൻ : (കുതിരപ്പുറത്തുനിന്ന് ചാടിയിറങ്ങീട്ട്) ചെറിയച്ഛാ! മാറിനില്ക്കുക! പകരം ചോദിപ്പാൻ ഞാനുള്ളപ്പോൾ അങ്ങെന്തിന് ക്ലേശിക്കുന്നു?

ജഗമല്ലൻ : ആരാണ് നിന്നെ തുറന്നുവിട്ടത്?

വീരപാലൻ : വിജയസേനി.

ജഗമല്ലൻ : വിജയസേനിയോ!



ടാങ്കുകളെ വെടിവെച്ചു് പൊളിക്കുവാൻ പ്രാപ്തിയുള്ള വിമാനങ്ങളിലൊന്നാണിതു്. ഇതു് ആർ. എ. എഫ്. ൻെറതാണു്

വീരപാലൻ: അതെ. അങ്ങു വിശ്രമിയ്ക്കുക. ഞാൻ പകരം വീട്ടിക്കൊള്ളാം.

(ജഗമല്ലൻ മാറിനില്ക്കുന്നു. വീരപാലൻ രാജാവിനോടു നേരിടുന്നു.)

രജാവ്: യുവാവെ! ആദ്യത്തെ വെട്ടു് നിംങ്ങൾ വെട്ടിക്കൊള്ളുക.

വീരപാലൻ: വേണ്ട, അങ്ങു വെട്ടുക.

രാജാവു: അല്ല നിങ്ങൾ തന്നെ കടം വീട്ടാൻ വന്നിട്ടുള്ളതു് നിങ്ങളാണല്ലൊ.

(വീരപാലൻ ശത്രുവിൻെറ അരലാക്കാക്കി വെട്ടുന്നു. രാജാവിൻെറ ഉടൽ രണ്ടു കഷ്ണമായി നിലം പതിയ്ക്കുന്നു.)

ജനക്കൂട്ടം: അയ്യയ്യോ! പൊന്നുതമ്പുരാനെ!

വീരപാലൻ: ഇനിയാരുണ്ടു് വരട്ടെ.

(ഒരു യോദ്ധാവു് മുന്നോട്ടു വരുന്നു. ഒരു വെട്ടിന്നു് വീരപാലൻ അവൻെറ കഥ കഴിക്കുന്നു. ഇങ്ങിനെ ഇരുപത്തഞ്ചരികളെ അരിഞ്ഞു തള്ളിയിട്ടു് ശത്രുരക്തത്തിൽക്കുളിച്ചു പുളച്ചു് നൃത്തം ചെയ്യുന്നു. മാർവാറിലെ രാജകുമാരൻ—പതിനാറു വയസ്സു തികയാത്ത ഒരു ബാലൻ—മുന്നോട്ടു വരുന്നു. രണ്ടു പേരും തമ്മിൽ ദ്വന്ദ്വയുദ്ധമാരംഭിയ്ക്കുന്നു ഭയങ്കരമായ വെട്ടും തടവും. എല്ലാവരും ഭയാത്ഭുതങ്ങളോടെ നോക്കിക്കൊണ്ടുനില്ക്കുന്നു. ഒടുവിൽ രാജകുമാരൻ വീരപാലൻെറ കണ്ഠത്തെ ലാക്കാക്കി വെട്ടുന്നു. വെട്ടേററു് തല തെറിച്ചു പോകുന്നു. ജഗമല്ലൻ: "അയ്യോ! മകനെ!" എന്നു് മാറത്തടിച്ചുകൊണ്ടു് തളർന്നു വീഴുന്നു. ഉത്തരക്ഷണത്തിൽ വെടികൊണ്ട സിംഹത്തെപ്പോലെ ചാടിയെഴുന്നേല്ക്കുന്നു.)

ജഗമല്ലൻ: (വാൾ വീശിക്കൊണ്ടു്) വരിൻ! വരിൻ! വേഗമാകട്ടെ. എല്ലാററിൻെറയും കഥ ഇപ്പോൾ കഴിച്ചേക്കാം.

(രാജകുമാരൻ വാൾ വീശിക്കൊണ്ടടുക്കുന്നു. കണ്ണീരിൽ കുളിച്ച രാജമാതാവു് ഓടിവന്നു് രണ്ടു പേരേയും മാററി നിർത്തുന്നു.)

രാജമാതാവു്: കുട്ടികളെ ഇനിയെങ്കിലും ഈ പൈശാചയജ്ഞം മതിയാക്കുവിൻ (ജഗമല്ലനോടു്) നിങ്ങൾക്കു നേരിട്ട അപമാനപങ്കം കഴുകിക്കളവാൻ ഇപ്പോളൊഴുക്കിയ രക്തം ധാരാളം മതി. ഇനിയെങ്കിലും അടങ്ങുക.

ജഗമല്ലൻ: എൻെറ കുട്ടിയെക്കൊന്നതിന്നുപകരം ചോദിയ്ക്കാതെ അടങ്ങുകയൊ?

മാതാവു: കുട്ടി! ഇങ്ങനെ വിചാരിച്ചാൽ എവിടെയാണു് ഇതിന്നവസാനം? ഈ ഭാഗത്തു് ഇരുപത്തഞ്ചു പേർ മരിച്ചിരിക്കുന്നു. നിങ്ങളുടെ പക്ഷത്തിൽ ഒരേ ഒരാൾ മാത്രം.

ജഗമല്ലൻ: ദേവി! ഈ യുദ്ധത്തിന്നു കാരണം ഞങ്ങളല്ലല്ലൊ.

മാതാവു്: നിങ്ങളല്ല. ഞങ്ങൾ തന്നെ. അതുകൊണ്ടാണു് ഞങ്ങൾക്കിത്രയധികം നാശം നേരിട്ടതു്. എന്നാൽ ഇപ്പോൾ ഇരുകക്ഷികളുടെയും മാനത്തിന്നു ക്ഷതം വരാതെ യുദ്ധം അവസാനിപ്പിയ്ക്കാം. ഞാൻ പറയുന്നതു കേൾക്കു. നിങ്ങളെ എൻെറ മകൻ അവമാനിച്ചിട്ടുണ്ടെങ്കിൽ ഞാനതിന്നു മതിയായ പ്രായശ്ചിത്തം ചെയ്യാൻ പോകുന്നു. എൻെറ പുത്രൻെറ ഓമന മകളെ—ഈ വീരകുമാരൻെറ സഹോദരിയെ—നിങ്ങൾക്കു് ഞാൻ വിവാഹം ചെയ്തുതരുവാൻ പോകുന്നു. റാഥോർ രാജവംശം നിങ്ങളെ ജാമാതാവായി വരിക്കുന്നു. ഇതിനെക്കാൾ വലുതായ ബഹുമാനം എന്തുണ്ടു്!

(ജഗമല്ലൻ ചിന്താഗ്രസ്തനായി നില്ക്കുന്നു. ചാരണൻ പ്രവേശിക്കുന്നു.)

ചാരണൻ: പ്രഭോ! സംശയിക്കേണ്ടാ. രജപുത്രർ സ്ത്രീകളെ ദേവിമാരെപ്പോലെയാണു് ആരാധിച്ചുപോന്നിട്ടുള്ളതു്. അവരുടെ അപേക്ഷകൾ നമുക്കു അനിഷേധ്യമായ ആജ്ഞകളാണു്.

ജഗമല്ലൻ: എന്താണു് അങ്ങു് പറയുന്നതു്? എൻെറ കുട്ടിയെ കൊലപ്പെടുത്തിയതിന്നു് പകരം ചോദിക്കാതെ അടങ്ങുകയോ?

ചാരണൻ: ആരാണു് കുമാരനെ കൊലപ്പെടുത്തിയതു്? അദ്ദേഹം വീരന്മാർക്കു ചേർന്നവണ്ണം പോരിൽ മരിച്ചു. ഇതിൽ ആരോടാണു് പക വീട്ടാനുള്ളതു്? പ്രഭോ! ഞാൻ അങ്ങയെ ഒരു തത്വം ഓർമ്മിപ്പിച്ചുകൊള്ളുന്നു. ലോകവൃക്ഷത്തിൻെറ കോടരത്തിൽ ഇത്തിക്കണ്ണിപോലെ അനീതി തഴച്ചു വളരുമ്പോൾ അതിനെ വലിച്ചുമാററാൻ ധർമ്മയുദ്ധങ്ങൾ പൊട്ടിപ്പുറപ്പെടുന്നു. എന്നാൽ അതു കഴിയുന്നതോടുകൂടി യുദ്ധം അവസാനിക്കണം. അതിൻെറ നിശിതശസ്ത്രം വൃക്ഷത്തിൻെറ തടിയിൽ തട്ടാൻ ഇടയാകരുതു്. അഗ്നിപർവ്വതം ഇടയ്ക്കു് ക്ഷോഭിയ്ക്കും; ആകാശത്തെ പുകയിലും ഭൂതലത്തെ അഗ്നിദേവതയിലുമാഴ്ത്തും; ചരാചരങ്ങളെ കിടുകിടെ വിറപ്പിയ്ക്കും. എന്നാൽ ഇതെല്ലാം അല്പനേരത്തേയ്ക്കു മാത്രം. പിന്നേയും അതു് ശാന്തമാകും. ഇതു് വിശ്വനിയമമാണു്. പ്രക്ഷോഭം പ്രശാന്തിയിൽ കലാശിക്കണം. വൈരം സ്നേഹത്തിൽ; ദുർഭിക്ഷം സുഭിക്ഷത്തിലും.

ജഗമല്ലൻ: (രാജമാതാവിനോടു്) അമ്മേ! അവിടുത്തെ അഭിലാഷം നിറവേററട്ടെ.

മാതാവു്: മകനേ! നീ ദീർഘായുഷ്മാനായി ഭവിക്കുക. എന്നാൽ ഇനി വൈകിക്കേണ്ട. ആദ്യമായി പോരിൽ മരിച്ചവരുടെ ശവസംസ്കാരം യഥോചിതം നിർവ്വഹിക്കാം. പിന്നെ സുമുഹൂർത്തത്തിൽ പാണിഗ്രഹണവും നടത്താം.

ജഗമല്ലൻ: (വീരപാലൻെറ മൃതശരീരത്തെ അശ്രുപൂർണ്ണനേത്രനായി നോക്കിക്കൊണ്ടു്) കുമാരാ! ഓമനേ! ഞാൻ അശരണനായല്ലൊ. ദൈവജ്ഞൻെറ ദീർഘദർശനം, ഹാ! ഫലിച്ചു. "ദൈവഗതിസ്ത്വഥവാ ഭുവനേസ്മിൻ നൈവ കവാടനിരോധമൊരേടം."

(തിരശ്ശീല)

സമാപ്തം.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.